REG. T. 7 License No. 368 Dated 1st March 1939

# ചിത്രോദയം

പുസ്തകം 25 | കോട്ടയം 1945 ഡിസംബർ 9 | ലക്കം 17

## വിഷയവിവരം.

1. കേരളഗാനം — കെടാമംഗലം.
2. സുശീല (നാടകം)
ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ ബി. ഏ; പി. എച്ച്. ഡി.
3. ഗ്രന്ഥവിചാരം.
4. പ്രാർത്ഥന — സി. വി.
5. വഴക്കു തീർക്കുക — ചെറുകാട്.
6. സിനിമാവ്യവസായം — ഇ. പത്മനാഭമേനോൻ എം. ഏ
7. പതിമ്മൂന്നാംപേജ് — ബാലൻ.
8. പശുവിൻപാൽ — ഡാക്ടർ ജറോം.
9. ഇൻറർവ്യൂ (ചെറുകഥ) സി. പി.
10 നാവികയുദ്ധം — പി. കെ. കരുവിള ബി. ഏ.
11. റഷ്യയും മതവും — കാൻറർബറി ഡീൻ.

K. JACOB THOMAS MEMORIAL PUBLIC LIBRARY MANNARGHAT

## തച്ചുശാസ്ത്രം

സംബന്ധിച്ച എല്ലാ ആവശ്യങ്ങൾക്കും ആ വിഷയത്തിൽ പണ്ടേയ്ക്കു പണ്ടേ പ്രസിദ്ധിനേടിയ കാണിപ്പയ്യൂർമനയ്ക്കലെ ഇന്നത്തെ പണ്ഡിതനായ ശങ്കരൻ നമ്പൂതിരിപ്പാടവർകൾക്കെഴുതിയാൽ മതി.

A O. & P. O. കുന്നംകുളം.




# തിരുവിതാംകൂർ ഫെട്ടിലൈസേഴ്സ്

കെമിക്കൽസ് ക്ളിപ്തം വക

അമ്മോണിയം സൽഫേററും ഇതരവിഭവങ്ങളും

ഉൽപാദിപ്പിക്കുന്നതിനുള്ള ഒരു ഫാക്ടറി

തിരുവിതാംകൂർ സംസ്ഥാനത്ത്

## ആലുവായിൽ

പൂർത്തിയായി വരുന്ന വിവരം സസന്തോഷം

ഇതാ അറിയിച്ചുകൊള്ളുന്നു.

## 1946 മദ്ധ്യത്തോടെ

വിഭവങ്ങൾ നൽകാൻ സാധിക്കുമെന്ന് അവർ

പ്രതീക്ഷിക്കയും നിങ്ങളുടെ സൗമനസ്യസഹകരണങ്ങൾ

സാദരം അഭ്യർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

മാനേജിംഗ് ഏജൻറ്സ്:-

ശേഷശായീ ബ്രദേഴ്സ് (ക്ളിപ്തം) ത്രിശിനാപ്പള്ളി.

# കേരളഗാനം

(കെടാമംഗലം)

ഉണരുക! ദുഃഖിത കേരളധരണീ
ഉണരുക! മാമകമർദ്ദിതജനനീ!
ഉണരുക ചൂഷിത ദുർബ്ബലധരണീ
ഉണരുക കർഷക പൂജിതജനനീ.
ഉണരുക, യുണരുക! നിശ്ചലധരണീ
ഉണരുക ദാരുണ ജീവിതജനനീ.

ചാരുസുമാഞ്ചിതകേരളവനികേ,
ഘോരതരാമയ പൂരിതവനികേ!
ഭീരുത വെടിയുക സുമതേ; വസുധേ!
ഭാരത ഭാസുര ഭാവുകഭരിതേ.
കേരളജനതതി സാധുസുതന്മാർ
കേണിടുമളവില്ലെന്നും സുമുഖീ!
ഉണരുക ദുഃഖിതകേരളധരണീ
ഉണരുക മാമക മർദ്ദിതജനനീ!

സ്വാതന്ത്ര്യത്തിൻ പുതുസുധയിന്നിയും
സ്വാദറിയാത്തൂ മാമകരാജ്യം.
പത്രങ്ങൾക്കു ചുഴന്നു പറക്കാൻ
പത്രമെഴാത്തൂ മാമകരാജ്യം.
പൊതുജനസേവകരവസരസേവാ—
ചതുരതകാട്ടുവതെന്നുടെ രാജ്യം.
നാണയശിഞ്ജിതനിമിഷത്തിൽ തല
നായകർ കുനിയുവതെന്നുടെ രാജ്യം
പരിവേദനവും തടയാൻ നിയമം
പരിമിതിപണിയുവതെന്നുടെ രാജ്യം
ജാതിമതാന്ധത തമ്മിലടിക്കും
വ്യാധപ്പോരിടമെന്നുടെ രാജ്യം.
ദൈവങ്ങൾക്കുമസൂയകുശുമ്പും
കൈവശമായുളവതെന്നുടെ രാജ്യം
പഴമയിലിന്നുമിഴഞ്ഞു പലരും
കവിവരർ വാഴുവതെന്നുടെ രാജ്യം.
ഉണരുക ഭാരതലാളിതഭഗിനീ
ഉണരുക ദുസ്സഹദുഃഖിതധരണീ.

ഉഴവുതളർന്നവരരിയില്ലാതെ
വഴിയിലിരപ്പൂ മാമകനാട്ടിൽ
മേടകൾ, പുറമേ നിന്നു പിടിക്കും
മാടം തീർന്നവരെന്നുടെ നാട്ടിൽ
അസ്ഥിമനുഷ്യരിഴഞ്ഞു മരിക്കും
ദുസ്ഥിതി മുഴുകിയതെന്നുടെ നാട്ടിൽ
പട്ടിണിവറുതികളലറി നടക്കും
പട്ടണമുള്ളതുമെന്നുടെ നാട്ടിൽ
കാളറയാദികൾ കൂത്തുനടത്താൻ
കോളനിതീർപ്പതുമെന്നുടെ നാട്ടിൽ
കൂരയിൽ നാണം മറയാതിരുളിൽ
നാരികളൊളിപ്പതുമെന്നുടെ നാട്ടിൽ
അബലകൾ മാനം കാശിനു വിൽപാൻ
അടിവയർകത്തുവതെന്നുടെ നാട്ടിൽ
തൊണ്ടവരണ്ട ശിശുക്കൾ പശിതീ
യാണ്ടു നശിപ്പതുമെന്നുടെ നാട്ടിൽ
ഉണരുക! ജീവിതധാർമ്മികസമരം
പുണരുക മാമകസമരസവിത്രീ!
ഉണരുക രണനിലമണയുകദേവീ
ഉണരുക മാമകകേരളജനനീ!

അനവധിയടിമകളുതുലവിഷാദം
മറവിലിക്കുട്ടിടുമെൻ പ്രിയനാടേ!
നെടുവീർപ്പുരുകും ബാഷ്പപതാകം
കടലായുത്തിരകളടിക്കും നാടേ!
പണിയും പാണിയറുത്തൊരു ശോണത—
മണിയും മേടകൾ ഞെളിയും നാടേ!
സിരകൾ തുടിച്ചു കുതിക്കും യുവജന—
നിരയെപ്പുതുമല തടയും നാടേ!
പരിശുദ്ധകേരളലാവണ്യശ്രീ—
രശ്മികൾ വറ്റി വിഴുങ്ങും നാടേ!
ദൂഷിതവൽക്കലവേഷമഴിപ്പാൻ
ഭാഷാഭഗവതി കരയും നാടേ!
അലയും മലയും കാത്തരുളീടിന
മലയാളക്കരയാം മമ നാടേ!
ഉണരുക ഗുണവതി കേരളധരണീ
ഉണരുക മാമകവന്ദിതജനനീ
അണിയുക, പടനിലകഞ്ചുക മമലേ!
അണയുകജീവിതസമരതലേ നീ.
ഉണരുക! ദുഃഖിതകേരളധരണീ
ഉണരുക മാമകമർദ്ദിതജനനീ!

# സുശീല

(ഡോക്ടർ ചേലനാട്ടു് അച്യുതമേനോൻ ബി. എ. പി എച്ച്, ഡി.)

## രംഗം 1

(മുല്ലശ്ശേരിവീട്ടു്—ഗൃഹനായികയായ കാളിയമ്മ ഉമ്മറത്തു് വച്ചിരുന്ന മേശവിളക്കു് കുട്ടികൾ കളിച്ചിരുന്ന പന്തുകൊണ്ടു് ഉടഞ്ഞതു് കണ്ടു് ദേഷ്യപ്പെടുന്നു. മകൻ കൃഷ്ണൻ കുട്ടിയും 15 (വയസ്സു്) ജ്യേഷ്ഠന്റെ മകൾ സുശീലയും (13 വയസ്സു്) ഇവരിൽ ഉൾപ്പെട്ടിട്ടുണ്ടു്.)

കാളിയമ്മ.—കൃഷ്ണൻ കുട്ടീ, ആരാ, ഈ വിളക്കിന്റെ ചിമ്മിനി ഉടച്ചതു്?

കൃഷ്ണൻ കുട്ടി.—ആരാണെന്നു് പറയാൻ സാധിക്കില്ല. കളിക്കുന്നതിനിടയിൽ പന്തു് അങ്ങോട്ടു് തെറിച്ചതാണു്

കാളി- അതു് ആരു് തട്ടീട്ടാണെന്നാണു് ചോദിച്ചതു്.?

കൃഷ്ണൻ- ഞങ്ങൾ മൂന്നാൾക്കുംപുറമെ അങ്ങേലെ അമ്മിണിയും അപ്പുക്കുട്ടനും കളിച്ചിരുന്നു.

കാ- അവരെവിടെ?

കൃ— വിളക്കുട... ശബ്ദം കേട്ടപ്പോൾ അവർ ഓടി.

കാ- നിങ്ങൾ മൂന്നാൾ ആരൊക്കെയായിരുന്നു?

കൃ- സുശീലയും കരുണാകരനും ഞാനും.

കാ— സുശീല എവിടെ?

സുശീല- ഇതാ ഞാനിവിടെ ഉണ്ടു് വലിയമ്മേ!

കാ— ഇവിടെ വാ ആരു തട്ടീട്ടാണു് ഈ വിളക്കിന്മേൽ കൊണ്ടതു്?

സു— ഞാൻ നോക്കുകയുണ്ടായില്ല.

കാ—ആഹാ! കളിക്കുമ്പോൾ കണ്ണു് മുഖത്തുണ്ടായിരുന്നില്ലേ? കള്ളി! ഇവരെയൊക്കെ തിരിക്കുന്നതു് നീയാണു്!

സു— ഞാൻ ആരെയാണു് തിരിക്കുന്നതു്, വലിയമ്മേ? കൃഷ്ണൻ കുട്ടി ഏട്ടനു് എന്നെക്കാളും ശക്തി കൂടും. കരുണാകരേട്ടൻ മേല്പ് വീണാൽ ഞാൻ ചമ്മന്തിയാകും. ഇവരെയൊക്കെ എനിക്കു് തിരിക്കാൻ സാധിക്ക്യോ?

കൃ- ഞങ്ങൾ സുശീല തിരിച്ചാൽ തിരിയൊന്നും ഇല്ല.

സു— കേട്ടില്ലേ? പിന്നെ എന്തിനെന്നെ കുറ്റം പറയണു്?

കാ— കേട്ടില്ലേ പെണ്ണിന്റെ വായിലെ നാവു്! ചോദിതിന്നു് കൊഴത്തു്, പല ഞായങ്ങളും പറയാൻ തോന്നുന്നുണ്ടു്, ഇല്ലേ? നീയും നിന്റെ കൃഷ്ണൻ കുട്ടി ഏട്ടനും!

സു:-എന്നെ പറഞ്ഞാൽ പോരേ? കൃഷ്ണൻകുട്ടി ഏട്ടനേം ആ കൂട്ടത്തിൽ ചേർക്കണോ?

കാളി:—പറയുന്നതു കേട്ടാൽ കൃഷ്ണൻകുട്ടി സ്വന്തമാണെന്നു തോന്നും. നോക്കണേ, പെണ്ണിന്റെ സാമർത്ഥ്യം! നീ ഇക്കണക്കിനു് ലോകം മുഴുവൻ വെട്ടിപ്പിടിക്കുമല്ലോ!

കൃ:—അമ്മേ, സുശീലയെ വെറുതെ എന്തിനാ ശകാരിക്കണു്? എന്നെ അമ്മ എന്തു വേണമെങ്കിലും പറഞ്ഞോളൂ.

കാ:—അപ്പോഴേക്കു്, സുശീല നിന്റെയും സ്വന്തായോ? നിങ്ങളുടെ കളിയൊന്നും അധികം വേണ്ട.... കാര്യം അറിയാതെ കൂട്ടുകൂടിയാൽ ചവിട്ടി ഞാൻ എല്ലൊടിക്കും, നോക്കിക്കോളിൻ!

കൃ:—ആരുടെ?

കാളി:—രണ്ടാളുടേയും.

കൃ:—സുശീല ഇവിടത്തെയല്ലല്ലോ. അവളെ ശിക്ഷിക്കുവാൻ അമ്മ ഒരുങ്ങരുതേ!

കാളി:—രക്ഷിക്കുന്നോർക്കു് ശിക്ഷിക്കാനും അധികാരമുണ്ടു്. അച്ഛനില്ലാത്ത കുട്ടികളല്ലേ എന്നുവിചാരിച്ചു് ആദരം കുറെ ഓമനിച്ചു. അതിന്റെ തകരാറാണു് ഇതൊക്കെ. കുറച്ചു ബുദ്ധിയുണ്ടെന്നു് എല്ലാവരും പറയാൻ തുടങ്ങിയപ്പോഴേക്കു് തലേക്കേറാനും തുടങ്ങി.

സു:—എന്തിനാ വലിയമ്മ ഇങ്ങിനെ പറയുന്നതു്? ഞാൻ എന്തെങ്കിലും മറുത്തു പറയാറുണ്ടോ? കുറില്ലാതെ ഞാൻ വലിയമ്മയോടു് വല്ലതും കാണിക്കുകയുണ്ടായിട്ടുണ്ടോ?

കാ:—നീ കാണിച്ചാൽ ഞാൻ അതു് കണ്ടുകൊണ്ടിരിക്കുമോ?

കൃ:—അമ്മ എന്താ, എന്തൊക്കെയോ ഉള്ളിൽ വെച്ചുകൊണ്ടു് സംസാരിക്കുന്നതു്?

കാ:—നീയു് അവളുടെ ഭാഗം പിടിച്ചു് പറയൊന്നും വേണ്ട...എനിക്കറിയാം നിങ്ങൾ രണ്ടാളേയും ഏതുതരത്തിലാണു് നിറുത്തേണ്ടതെന്നു്. അവളുടെ ആട്ടവും കുഴച്ചിലും കണ്ടാൽ എനിക്കു് ഭ്രമമൊന്നുമില്ല. അതൊക്കെ നിങ്ങളെ പാട്ടിലാക്കാനേ കൊള്ളൂ.

കൃ:—അമ്മ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല.

കാ:—അതൊക്കെ ഇപ്പോ നി... മനസ്സിലാകില്ല.

കു:—എന്നാൽ മനസ്സിലാകുമ്പോൾ പറഞ്ഞാൽ പോരേ?

കാ:—ഇങ്ങിനെയൊക്കെ നീ പറയാൻ തുടങ്ങിയതു് സുശീലയുമായി കൂട്ടുകെട്ടു തുടങ്ങിയതിൻശേഷമാണു്.

സു:—വലിയമ്മക്കു് അങ്ങിനെ ഒരു വിചാരം ഉണ്ടെങ്കിൽ ഞാൻ ഇന്നുതന്നെ എന്റെ വീട്ടിലേക്കു പൊയ്ക്കൊള്ളാം. ഞാൻ ഇവിടെനിന്നു് ആരേയും പാട്ടിലാക്കാൻ ശ്രമിച്ചിട്ടില്ല. എനിക്കു് അതൊന്നും അറിഞ്ഞുകൂടാ. ഞാൻ വലിയമ്മയെ എന്റെ അമ്മയെപോലെയും ഇവരെയൊക്കെ എന്റെ ഏട്ടന്മാരെ പോലെയുമാണു് കരുതിയിരുന്നതു്.

ആർക്കും വിരോധമായ കാര്യം ഞാൻ ചെയ്തിട്ടില്ല. പക്ഷെ, വലിയമ്മക്കു് ഇഷ്ടമില്ലാതെ എനിക്കു ഇവിടെ താമസിക്കണമെന്നില്ല. ഇത്രേടം എന്നെ നോക്കിയതിനു ഞാൻ നന്ദിപറയുന്നു.

കാ—കേട്ടില്ലേ അവളുടെ പ്രസംഗം! പോണെങ്കിൽ പൊയ്ക്കോ. എനിക്കു സമ്മതമാണു്. സ്കൂൾ പൂട്ടികഴിഞ്ഞില്ലേ? ആരുടെ കൂടെയാണു് പോകുന്നതു്?

സു—ആ ദിക്കിലേക്കു പോകുന്നവർ ആരെങ്കിലും ഉണ്ടോ എന്നന്വേഷിച്ചു ഞാൻ പൊയ്ക്കൊള്ളാം

കു—അങ്ങിനെ പോകേണ്ട. ഞാനും കരുണാകരനും കൂടെ പോകാം.

സു—എന്നാൽ ഇപ്പോൾ തന്നെ പുറപ്പെടേക്കാം.

കാളി—കണ്ടോ അവളുടെ അഹമ്മതി! ഇനി അവൾക്കു ആരുടേയും സഹായം വേണ്ടെന്നായി. അവനവന്റെടം കഴിക്കാറായി നിനക്കു, ഇല്ലേ? ഈ മട്ടാണു് എനിക്കു പിടിക്കാത്തതു്.

സു—എനിക്കു അച്ഛന്റെ വീട്ടുകാരുടെ സഹായം എപ്പോഴും വേണ്ടിവരും, ഞാൻ ആരെയും മുഷിപ്പിച്ചല്ല പോകുന്നതു്. എന്നാൽ ഞാൻ പുറപ്പെട്ടുകളയാം കുഞ്ഞൻകുട്ടിയേട്ടാ! (പോകുന്നു.)

കാളി—കുഞ്ഞൻകുട്ടീ, ഞാൻ നിന്നെ വിചാരിച്ചിട്ടാണു് ഇങ്ങിനെ ഒക്കെ അവളോടു പറഞ്ഞതു്. പുറത്തിറങ്ങിയാൽ, "സുശീലക്കു് എന്തൊരു ബുദ്ധിയാണു്! നല്ലസ്വഭാവം" എന്നൊക്കെയേ കേൾക്കുന്നുള്ളൂ. നിന്നെപ്പറ്റി ആരും ഒന്നും പറഞ്ഞു കേൾക്കുന്നില്ല. നീ ഒരു ക്ലാസ്സു് മേലേയും ആണു്. അതുകൊണ്ടു അവൾ അങ്ങോട്ടു പോയ്ക്കോട്ടെ.

കു—സുശീലയെപ്പറ്റി പറയുന്നതു് നമുക്കു നല്ലതല്ലേ? അവൾ അമ്മാമന്റെ മകളല്ലേ?

കാ—"പൊൻകായ്ക്കുന്ന മരമായാലും പുരയിൽ കവിഞ്ഞാൽ മുറിക്കണം." അവൾ ഇവിടത്തെ കുട്ടികളേക്കാൾ വലുതാവാൻ പാടില്ല.

കു—എന്നെ വിചാരിച്ചിട്ടാണു് അമ്മ അവളെ അയക്കുന്നതെങ്കിൽ, എന്റെ കാര്യം ഇനിയാണു് മോശമാവുക. അവൾക്കു ബുദ്ധിയധികമുണ്ടു്. എന്റെ കണക്കൊക്കെ അവളാണു് ചെയ്തുവെക്കാറു്. കോപ്പിയും ചിലപ്പോൾ എഴുതിത്തരും. പുസ്തകങ്ങളൊക്കെ അടുക്കിവെക്കും. എനിക്കൊരു ഭാരവും ഇല്ല. അവൾ പോയാൽ എനിക്കു ഇപ്പോൾ കിട്ടുന്നമാർക്കുകൂടി കിട്ടുമോ എന്നു സംശയമാണു്.

കാ—ഇപ്പോൾ തന്നെ ഇങ്ങിനെ ഒക്കെ അവളെ ആശ്രയിച്ചുംകൊണ്ടാണോ നിന്റെ സ്ഥിതി? അങ്ങിനെ ആയാൽ പാറില്ല. പിലതു് നീയും പ്രവൃത്തിക്കണല്ലോ. പരീക്ഷക്കു അവൾ ഒപ്പം ഇരുന്നു് എഴുതുമോ?

കു—അതൊന്നും ഇല്ല: ഇന്നതു് പഠിക്കേണ്ടു, എന്നൊക്കെ പറഞ്ഞുതരും അവൾ....ഞങ്ങൾ പുറപ്പെടട്ടെ, ഞാൻ നാലു ദിവസം കഴിഞ്ഞേ വരൂ.

കാ—അവിടെ സ്വാധികം കൂടണ്ടാ. അവർക്കു അല്ലെങ്കിൽ തന്നെ ബുദ്ധിമുട്ടാണു്!

കു—എന്നാൽ കുറച്ചു്...പണവും തന്നേക്കൂ. (പോകുന്നു.)

കാ:—അവിടെ ചെലവു ചെയ്യാനുള്ള മോഹം ഇപ്പോൾതന്നെ തുടങ്ങിയോ? (വിചാരം) ഇവർ തമ്മിലുള്ള പെരുമാറ്റം ഇങ്ങനെയാണെങ്കിൽ പിന്നെ ഞാൻ ഇവരെ അകറ്റാൻ ശ്രമിച്ചിട്ടെന്താ കാര്യം?

(പോകുന്നു)

രംഗം 2

(സുശീലയുടെ വീട്ടു്, കാർക്കവൃശ്ശി, ഉമ്മറം, സുശീലയും കുഞ്ഞൻകുട്ടിയും കരുണാകരനും ചായ കുടിച്ചുംകൊണ്ടിരിക്കുന്നു.)

സുശീല—കുഞ്ഞൻകുട്ടിയേട്ടാ! ഇക്കുറി സ്കൂൾ തുറന്നാൽ ഞാൻ അങ്ങോട്ടു വരുന്നില്ല. വലിയമ്മ അന്നു സംസാരിച്ചതു കേട്ടില്ലേ?

കു—അമ്മ പറഞ്ഞു എന്നു വിചാരിച്ചിട്ടാ, വരാതിരിക്കണു്? അമ്മ ചിലപ്പോൾ ഇന്നതേ പറയൂ എന്നില്ല. അതു് ഉള്ളിലൊന്നും വിചാരിച്ചിട്ടു പറയുന്നതല്ല.

കരുണാ—ഉള്ളിലൊന്നും ഇല്ലെന്നു വിചാരിക്കണ്ട. ചെറിയമ്മക്കു കുഞ്ഞൻകുട്ടിയാണു്, സുശീല നല്ലവണ്ണം പഠിക്കുന്നുണ്ടു്, മിടുക്കത്തിയാണു്,

എന്നൊക്കെ എല്ലാവരും പറയുന്നുണ്ട്. നമ്മൾ രണ്ടു മുറിക്കുട്ടന്മാരില്ലേ? നമ്മളെപ്പറ്റി നല്ലതൊന്നും പറയുന്നില്ലെന്നല്ല, ചിലപ്പോൾ ചീത്ത പറയുന്നുണ്ടെന്നും! ഞാനിന്നാൾ അപ്പുക്കുട്ടനുമായി 'ഒന്നും രണ്ടും' ഉണ്ടായി. ആ കേസ്സ് ഇപ്പോൾ അവിടെ എത്തിയിട്ടുണ്ടാകും. അതുകൊണ്ടു വലിയമ്മയുടെ വെളിച്ചപ്പെടലൊന്നും കാര്യമല്ലെന്നു വച്ചേക്കണ്ട.

സു—അങ്ങിനെ പാടുണ്ടോ? വലിയമ്മയല്ലേ ഇപ്പോൾ തറവാട്ടിലമ്മ? അവരുടെ ഇഷ്ടത്തിനു വിപരീതമായി അവിടെ നിൽക്കുവാൻ സാധിക്കുമോ?

കൃ—കരുണാകരൻ പറഞ്ഞതിൽ വാസ്തവമുണ്ട്. അന്നു സുശീല അകത്തേക്കു പോയപ്പോൾ എന്നോടു പറയുകയാണ്:— "ഞാൻ നിന്നെ വിചാരിച്ചിട്ടാണ് ഇങ്ങിനെയൊക്കെ അവളോടു പറഞ്ഞതു്" എന്ന്.

കരു—ഞാൻ പറഞ്ഞില്ലേ? എനിക്കറിയാം. ഈ തള്ളമാരുടെ ഉള്ളൊക്കെ. അവിടെ സുശീലയെപ്പോലെ ഒരു പെൺകുട്ടികൂടിയുണ്ടാവാത്തതു നല്ലകാലം. എന്നാൽ പിന്നെ വാളുവെച്ച സമയം ഉണ്ടാവില്ല.

കൃ—എടോ, താൻ അമ്മയെപ്പറ്റി അങ്ങനെ പറയരുത്.

കരു—ഞാനെന്താ, ഉള്ള കാര്യം പറഞ്ഞു. എനിക്കു ചെറിയമ്മയോടു ദ്വേഷ്യം ഒന്നുമില്ല. ഇന്നാള് എന്റെ നേരെ ഉണ്ടായി ഒരു ചാട്ടം. അങ്ങാടിക്കു പോയി എന്തോ കൊണ്ടുവരാൻ പറഞ്ഞു. ഞാൻ ഫുട്ബോൾ കളിക്കുവാൻ പോവുകയായിരുന്നു. അപ്പോൾ അങ്ങാടിക്കു പോവാൻ പറഞ്ഞാൽ ആരെങ്കിലും കൂട്ടാക്കുമോ? "കുഞ്ഞൻ കുട്ടിയോടു പറയൂ" എന്നു പറഞ്ഞ് ഞാൻ ഒരു ഓട്ടം ഓടി. പിന്നെ കുറെനേരം കേട്ടിരുന്നു ലഹള. ഞാൻ അതു കേൾക്കാനേ നിന്നില്ല. കൊ[illegible] മാതിരിയാണ്, തൊട്ടാൽ ചൊറിയും.

സു—എന്താടോ, കരുണാകരേട്ടന്റെ ഉപമകൾ കുറെ കവിയുന്നുണ്ടല്ലോ! "വെളിച്ചപ്പാട്" "[illegible]" രണ്ടും ഉഗ്രമാണ്.

[illegible]—എനിക്കു ഭംഗിപറയാനൊന്നും അ[illegible]. ഇനി ഞാൻ ഒരു വിദ്യ പറയാം. [illegible] ഞങ്ങൾ അങ്ങോട്ടു വരണെങ്കിൽ സുശീലയേയും കൂടെ വരാൻ സമ്മതിക്കണമെന്നും, ഇല്ലെങ്കിൽ ഞങ്ങൾ ഇവിടെ താമസിക്കാനാണ് ഭാവമെന്നും [illegible] അറിയിച്ചുനോക്കൂ. എന്നാൽ നാളെ എത്തും [illegible]ടെ, നമുക്കെല്ലാവർക്കും അങ്ങു പോകയും ചെയ്യാം. എന്താ, പറ്റിയ യുക്തി?

[illegible]—അങ്ങനെയൊന്നും ചെയ്യേണ്ടാ. അല്ലെങ്കിൽ തന്നെ എന്റെ കൂട്ടുകെട്ടാണ് നിങ്ങളെ ഒക്കെ തകരാറിലാക്കുന്നതു് എന്നാണ് വിചാരം. ഇങ്ങനെ ഒരു സൂത്രം പറ്റിച്ചാൽ പിന്നെ എന്നെ അവിടെ കടക്കാൻതന്നെ സമ്മതിക്കയില്ല.

കൃ—ഞങ്ങൾ ഉള്ളപ്പോൾ അങ്ങനെ ഒന്നും ഉണ്ടാവില്ല. കരുണാകരന്റെ യുക്തി എനിക്കു പിടിച്ചു. സുശീലയുമായുള്ള കൂട്ടുകെട്ട് ഞങ്ങൾക്കു ഇഷ്ടമാണെങ്കിൽ പിന്നെ അമ്മ പറഞ്ഞാൽ നില്ക്കുമോ? അമ്മ പറഞ്ഞിട്ടല്ലല്ലോ ഇഷ്ടമായതും. ആരെയാ അയക്കുക?

സു—അങ്ങനെ വേണമെങ്കിൽ ആളെ ഒക്കെ ഉണ്ടാക്കാം.

കൃ—എന്നാൽ ഞാൻ ഒരെഴുത്ത് എഴുതി ഉണ്ടാക്കാം. ആളെ വിളിച്ചോളൂ.

കരു—എഴുത്തു രണ്ടാളുടെയും കൂടി ആകട്ടെ.

സു—നിങ്ങൾ എല്ലാവരും കൂടി എന്നെ കഷ്ടത്തിലാക്കുമെന്നാണ് തോന്നുന്നതു്. നിങ്ങൾ ആൺകുട്ടികളാണ്. ഞാനൊരു പെൺകുട്ടിയാണെന്ന് ഓർമ്മ വേണം.

കൃ—സുശീലയേ ഞങ്ങൾ കഷ്ടപ്പെടുത്തുമോ? അതു കൂടാതെ കഴിക്കാനല്ലേ ഈ സൂത്രങ്ങളൊക്കെ?

സു—അങ്ങനെയാണെങ്കിൽ നിങ്ങൾ രണ്ടാളും കൂടി അങ്ങോട്ടൊന്നു പോയിവരികയാണ് നല്ലതു്. ഇവിടെനിന്ന് എഴുത്തുകൾ എഴുതുവാൻ തുടങ്ങിയാലാണ് തെറ്റിദ്ധാരണ അധികമാവുക.

കരു—ഈവക കാര്യങ്ങളിൽ യുക്തി ഞങ്ങൾക്കാണ് കൂടുക, ബുദ്ധി സുശീലയ്ക്കാണെങ്കിലും. ഞങ്ങൾ അവിടെ ചെന്നു ചാടിയാൽ ഞങ്ങളെ അവിടെ നിർത്താനായി ചെറിയമ്മ ശ്രമിക്കും. അപ്പോൾ നമ്മുടെ ആലോചനകൾ ഫലിക്കാതെ പോവുകയും ചെയ്യും. അതുകൊണ്ട് എഴുത്തു തന്നെയാണ് നല്ലതു്,

കൃ—എനിക്കും അതു തന്നെയാണ് തോന്നുന്നതു.

സു—നിങ്ങളുടെ ഇഷ്ടംപോലെ ആകട്ടെ. ഞാൻ ആളെ വിളിച്ചുകൊണ്ടുവരാം.

(പോകുന്നു)

## രംഗം 3

(രണ്ടാഴ്ചയ്ക്കു ശേഷം. ഇല്ലശ്ശേരിവീട്. കാളിയമ്മ അസ്വസ്ഥയായിരിക്കുന്നു)

കാളിയമ്മ-- (സ്വഗതം) കുട്ടികൾ പോയിട്ടു ദിവസം എത്രയായി! സുശീലയെ വീട്ടിലാക്കി വേഗം ഇങ്ങോട്ടുവരണമെന്നാണ് പറഞ്ഞിരുന്നതു്. ഇന്നേക്കു പതിനഞ്ചു ദിവസമായി. ഒ

രു വിവരവും ഇല്ലല്ലോ! "മൂവ്വരും കൂടിയാൽ മുറം അടിക്കില്ല", എന്നൊരു ചൊല്ലുണ്ട്. മൂന്നാളും കൂടി ഇറങ്ങിയപ്പോൾ ഞാൻ ഉറച്ചിട്ടുണ്ട്: കാര്യം ഗുണമല്ലെന്ന്. എന്റെ കുട്ടിയെങ്കിലും ഇങ്ങട്ടു മടങ്ങി എത്തിയാൽ മതിയായിരുന്നു. (ഒരാളെക്കണ്ട്)--ആരാണത്?

(പറങ്ങോടൻ പ്രവേശിക്കുന്നു)

പറ-പറങ്ങോടനാണ്.

കാ-കാരാകുറിശ്ശീന്നോ?

പറ-ഞാൻ

കാ-കുട്ടികൾക്ക് വിശേഷിച്ചൊന്നും ഇല്ലല്ലോ?

പറ-ഇല്ല. ചെറിയ തമ്പുരാക്കന്മാര് ഒരു എഴുത്തു തന്നയച്ചിട്ടുണ്ട്.

കാ-ഇങ്ങോട്ടു താ.

(പറങ്ങോടൻ എഴുത്തു കൊടുക്കുന്നു. കാളിയമ്മ വായിക്കുന്നു.)

കാരാകുറിശ്ശി,

ശ്രീ

ഞങ്ങളെല്ലാരും അന്നു വൈകുന്നേരത്തേക്ക് ഇവിടെ എത്തി. രണ്ടു ദിവസം കഴിഞ്ഞു മടങ്ങണമെന്നായിരുന്നു ആലോചന. പക്ഷേ സുശീലയുടെ കാര്യത്തെപ്പറ്റി ആലോചിച്ചതിൽ അവളേയും ഞങ്ങളുടെ കൂടെ അങ്ങോട്ടു വരുവാൻ സമ്മതിക്കുകയാണെങ്കിൽ മാത്രമേ ഞങ്ങളും അങ്ങോട്ടു വരണമെന്നു വിചാരിക്കുന്നുള്ളൂ. അമ്മ അവളുടെ നേരെ കുറെ കഠിനമായി പെരുമാറിയെന്നു ഞങ്ങൾക്കു തോന്നുന്നു. അവളെ സ്വന്തം കുട്ടിയേപ്പോലെ കരുതി മേലാൽ നമ്മുടെ വീട്ടിൽ താമസിപ്പിക്കുവാനും, അവളെ പഠിപ്പിക്കുവാനും അമ്മ സമ്മതിക്കണം, അല്ലെങ്കിൽ ഞങ്ങളും ഇതോടു കൂടി പഠിപ്പു മതിയാക്കുന്നതാണ്.

എന്ന്, കൃഷ്ണൻകുട്ടി.

കരുണാകരൻകുട്ടി.

കാളി-കുട്ടികൾ ആകപ്പാടെ തരക്കേടില്ലല്ലോ! അവർ എന്നെ പഠിപ്പിക്കാനാണല്ലോ വട്ടം! സുശീല വല്ലാത്ത കേമി തന്നെ. ഇവിടെ വളർന്നു നന്നാകേണ്ട രണ്ടു കുട്ടികളും അവൾക്കു സ്വാധീനമായിക്കഴിഞ്ഞു. ഇനി ഞാൻ വാശി പിടിച്ചിട്ടെന്താ കാര്യം! ഞാൻ ഇനി ഇരുന്നേടത്തോളം ഇരിക്കുകയും ഇല്ല. കുട്ടികളുടെ ഇഷ്ടം പോലെ ഒക്കെ നടക്കട്ടെ. "തെളിച്ച വഴിക്കു നടന്നില്ലെങ്കിൽ നടന്ന വഴിക്കു തെളിക്കാം" എന്നല്ലേ ഇപ്പോഴത്തെ മട്ട്? വല്ല വഴിക്കും കടന്നു പോയാൽ പിന്നെ കണ്ടുംകൊണ്ടിരിക്കാനും തരമില്ലല്ലോ. പറങ്ങോടാ! ഇതിന് മറുപടി എഴുതാനൊന്നും എനിക്കു വയ്യ. കണ്ണു കാണില്ല. കഴുവെറ്റക്കും ചെയ്യും എഴുതേണ്ട കുട്ടികൾ പോയിരിക്കുന്നത് അവിടെയും... അവരുടെ എഴുത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം ഒക്കെ അമ്മ ഏറ്റുന്നു പറഞ്ഞേക്ക്. സുശീലയെ കൂട്ടി അവർ രണ്ടാളും നാളെത്തന്നെ ഇങ്ങോട്ട് വരണമെന്ന് പറ. ഇടക്കിടയ്ക്ക് അവരെ ദ്വേഷ്യപ്പെടാൻ തോന്നുമെങ്കിലും, അവരില്ലാഞ്ഞാൽ മനസ്സിന് ഒരു സ്വൈരവുമില്ല... അതുകൊണ്ട് അവരോട്ട നാളെത്തന്നെ വരാൻ പറ. നീ കുറെ കുടിച്ചിട്ട് ഇപ്പോൾതന്നെ പൊയ്ക്കോ. ഇന്നാ, എട്ടണ, വഴിക്ക് ചായ കുടിക്കാൻ.

പറ:--അടിയൻ വേഗം പോയിക്കൊണ്ടോളാം-

[പോകുന്നു.

രംഗം. 4

(അഞ്ചുകൊല്ലത്തിനു ശേഷം ഇല്ലശ്ശേരി വീട്ടിൽ കൃഷ്ണൻകുട്ടിയും കരുണാകരനും വർത്തമാനക്കടലാസ് നോക്കുന്നു)

കൃ—സുശീല ബി. എ. യ്ക്കു ഫസ്റ്റ്ക്ലാസിൽ ഫസ്റ്റ് ഇൻ ദി പ്രസിഡൻസി! മിടുക്കത്തി തന്നെ. നമുക്കു തേർഡ്ക്ലാസ് മതിയായെടോ.

കരു—എനിക്ക് ഒന്നും ഇല്ലെങ്കിലും തരക്കേടില്ല. അല്ലെങ്കിൽ ഈ. പി. എ, പി. എ. എന്നു കോഴിക്കുട്ടി കരയും പോലെ കരഞ്ഞിട്ടെന്താ ഗുണം. ഞാൻ വല്ല "ബിസിനസ്സിലും" പ്രവേശിക്കുവാനാണ് വിചാരിക്കുന്നത്.

(കാളിയമ്മ പ്രവേശിക്കുന്നു)

കാളി—കുട്ടികളെ, നിങ്ങളുടെ പരീക്ഷയുടെ കാര്യം കടലാസിൽ വന്നിട്ടുണ്ടത്രെ. എല്ലാവരും ജയിച്ചില്ലേ?

കൃ—എല്ലാവരും ജയിച്ചു. സുശീല ഒന്നാം ക്ലാസ്സായി ജയിച്ചു. ഞങ്ങൾ ഒടുവിലത്തെ ക്ലാസ്.

കാ-അവൾ പഠിക്കുന്ന കുട്ടിയാണ്. നിങ്ങൾ കളിക്കുന്നവരും.

കൃ-ഞങ്ങൾ സുശീലയെ അനുമോദിക്കുവാൻ അങ്ങോട്ടൊന്നു പോകുവാൻ ഇച്ഛ.

(സുശീല അവിചാരിതമായി വന്നുചേരുന്നു)

സു-ഞാൻ ഇങ്ങോട്ടു തന്നെ വന്നേക്കാം.

കൃ-റിസൽട്ട് അറിഞ്ഞില്ലേ? ഫസ്റ്റ് ഇൻ ദി പ്രസിഡൻസി. ഫസ്റ്റ്ക്ലാസ്! ഫോർട്ടി കൺ

# ഗ്രന്ഥവിഹാരം

## അന്തഃപുരം

ഗ്രന്ഥകർത്താ ചെറുകാടു്.
മംഗളോദയം പ്രസാധികരണശാല
തൃശ്ശിവപേരൂർ

**ശ്രീ.** ചെറുകാടിന്റെ സുന്ദരമായ ഒരു കാവ്യഗ്രന്ഥമാണിതു്. പന്ത്രണ്ടു ഖണ്ഡകാവ്യങ്ങളുടെ സമാഹാരമാണിതെങ്കിലും അഭിനന്ദനാർഹമായ ഒരു പുതുമ ഈ ഗ്രന്ഥത്തിനുണ്ടു്. അതായതു്, വിവിധവിഷയങ്ങളെ അസ്പദമാക്കി രചിച്ചിട്ടുള്ളതും പരസ്പരം യാതൊരു ബന്ധവുമില്ലാത്തതുമായ ഖണ്ഡകാവ്യങ്ങളുടെ സമാഹാരമല്ലിതു്. നേരെമറിച്ചു് ഒരേ ഇതിവൃത്തത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഖണ്ഡകാവ്യങ്ങളാണു് അന്തഃപുരത്തിൽ പ്രത്യക്ഷപ്പെടുന്നതു്. മണിമാലയിലെ പട്ടുചരടു പോലെ ഈ ഇതിവൃത്തം ഉടനീളം ഈ ഖണ്ഡകാവ്യങ്ങളിലോരോന്നിനേയും പരസ്പരം കോർത്തിണക്കി ചേതോഹരമായ ഒരു കാവ്യഹാരമാക്കിയിരിക്കുന്നു.

പ്രസ്തുത ഇതിവൃത്തത്തിനും ആകർഷകമായ ഒരു പുതുമയും ആസ്വാദ്യമായ കാവ്യസൗന്ദര്യവുമുണ്ടു്. നോക്കു:—

ഉലകിൽ നിന്നുയർന്നു നിൽക്കുന്ന ഒരന്തഃപുരം. അതിനുള്ളിൽ രണ്ടുപേർ സുഖദുഃഖങ്ങളെ പരസ്പരം പങ്കിട്ടനുഭവിച്ചുകൊണ്ടു് കഴിഞ്ഞുകൂടുന്നു. ഒരു നായകനും നായികയും: കവിയാണു് നായകൻ. നായിക ഭാവനയും. പക്ഷെ അവർ സങ്കല്പത്തിന്റെ മടിത്തട്ടിൽ തല ചായ്ച്ച് രാഗസുരഭിലമായ സ്വപ്നങ്ങളുടെ മധുവുണ്ടു് മയങ്ങുകയല്ല. പുറമ്പാട്ടുമുള്ള ജീവിതസമരങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി കനകക്കിനാവുകളുമായി കഴിഞ്ഞുകൂടുകയല്ല. നേരെമറിച്ചു് ജീവിതയാഥാർത്ഥ്യങ്ങളെ നിർഭയം നോക്കി മനസ്സിലാക്കി ലോകത്തിൽ നടക്കുന്ന അധർമ്മത്തോടും അനാചാരത്തോടും അനീതിയോടും പോരാടുവാനായി അരയും തലയും മുറുക്കിയിറങ്ങുന്ന കർമ്മധീരനായ ഒരു കവിയും അതിനുവേണ്ട പ്രചോദനം നൽകുന്ന ഭാവനയുമാണു് "അന്തഃപുര"ത്തിൽ കാണുന്നതു്.

ഇതാണിതിവൃത്തം. ഇതിന്റെ വിവിധ

---

ഗ്രാജ്വലേഷൻസ്(എന്നു പറഞ്ഞു കൈ പിടിക്കുന്നു)

സു—മിനിഞ്ഞാന്നു കമ്പിയുണ്ടായിരുന്നു.

കാ—ഇങ്ങിനെയൊന്നും വേണമെന്നില്ല. നിങ്ങൾ പണ്ടത്തെ കുട്ടികളല്ല, കൈപിടിക്കാനും കളിക്കാനും.

കു—ആരുടെ മുമ്പിലും കൈ പിടിക്കാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കു വേണമെന്നാണു് ആഗ്രഹം. അതു് അമ്മ സമ്മതിക്കുകയും വേണം.

കാ—ഇക്കാലത്തു് അമ്മയുടെ സമ്മതമൊക്കെ എന്തിനാ? ഒക്കെ ഉറച്ചുകഴിഞ്ഞു് ഒരു ലോഗ്യം ചോദിക്കൽ മാത്രം. എന്താ സുശീലേ! അങ്ങിനെയല്ലേ?

സു—വലിയമ്മയോടു് അല്ലെന്നു പറയാൻ എനിക്കു ധൈര്യമില്ല.

കാ—ആണെന്നു പറയാൻ ലജ്ജയുമുണ്ടു് അല്ലേ? (രണ്ടുപേരെയും അനുഗ്രഹിച്ചു) എന്റെ കുട്ടികൾ നന്നായിരിക്കിൻ! വലിയമ്മ ഒരു കാലത്തു ലഹളക്കൂട്ടിയതൊന്നും സുശീല വിചാരിക്കരുതു്. ഇനി വീട്ടിൽ നീയാണു് ഒരു വിളക്കു്.

സു—വലിയമ്മ എന്നെ തെറ്റിദ്ധരിക്കരുതു്. എന്നും അച്ഛന്റെ വീട്ടുകാർക്കു് ഒതുങ്ങിനിൽക്കുന്നവളാണു് ഞാൻ. എനിക്കു് അവരുടെ ആശ്രയമേ ഇതേവരെ ഉണ്ടായിട്ടുള്ളു. ഇന്നലെ നായർസമാജം സെക്രട്ടറി, ഒരു മെഡൽ കൊണ്ടുവന്നു തന്നു. മലയാളത്തിലും ഞാൻ ഫസ്റ്റു് ആണത്രെ. അതിനുള്ളതാണു് ഈ മെഡൽ. എന്റെ സകല ശ്രേയസ്സിനും കാരണം വലിയമ്മയാണു്. അതുകൊണ്ടു് ആദ്യത്തെ സമ്മാനം വലിയമ്മയ്ക്കു് അടിയറവെക്കട്ടെ.

(മെഡൽ കാളിഅമ്മയ്ക്കു കൊടുക്കുന്നു)

കാ—എന്റെ സുശീലേ! നിന്നെപ്പോലെ ഒരു പെൺകുട്ടിയെ കാണാൻ എനിക്കു ഭാഗ്യമുണ്ടായല്ലോ. എന്റെ മകൾക്കു് ഇനിയും അനവധി മെഡൽ കിട്ടട്ടെ.

കു—ചെറിയമ്മേ! എനിക്കും ഒരാളെ വേഗം കണ്ടുപിടിക്കണം.

സു—ആ ഭാരം എന്നെ ഏല്പിക്കുമോ? എന്റെ "ഫ്രെൻഡു്" ഉണ്ടു്.

കു—ഓഹോ! പക്ഷേ താമസിക്കരുതു്!

കാളി—കുട്ടികൾക്കു വല്ലാത്ത ധൃതി! ശുഭസ്യശീഘ്രം.

(തിരശ്ശീല)

രംഗങ്ങളുടെ സുന്ദരമായ ചിത്രീകരണമാണ് "അന്തഃപുര"ത്തിലെ ഖണ്ഡകാവ്യങ്ങൾ. പുരോഗമനപരങ്ങളായ നിരവധി ആശയങ്ങൾ ഇതിൽ പലയിടത്തും മിന്നിത്തിളങ്ങുന്നുണ്ട്. ഉദാഹരണത്തിനായി ചിലതു ചുവടെ ചേർക്കുന്നു:—

പുരുഷൻ കാട്ടുന്നതെല്ലാം സഹിക്കുന്ന
നാരി ശിലായുഗക്കാരിയല്ലേ.

* * * *

സ്വജീവിതസൂനം ആത്മനായികയുടെ മുമ്പിൽ പ്രേമോപഹാരമായി അർപ്പിക്കുവാൻ സന്നദ്ധനാണെന്നു പറയുന്ന നായകനോട് നായിക പറയുന്നു:—

മാതൃഭൂപാദത്തിലർപ്പിച്ചു കൊള്ളുകീ
മാൺപുറ്റ സുമചർ, മഞ്ജുളാത്മൻ
പ്രേമപ്രസാദമായ് ഞാനതു മാതൃഭൂ
പീഠത്തിൽ കണ്ടു സുഖിച്ചു കൊള്ളാം.

(പ്രേമപ്രസാദം)

അതുപോലെ തന്നെ ജീവിതരണാങ്കണത്തിലേക്ക് പുറപ്പെടുവാൻ ഭാവിക്കുന്ന നായകൻ പറയുന്നു:

പതഞ്ഞുപൊങ്ങുമാ നവമധു വീണ്ടും
പകരുക, പാത്രം നിറയട്ടെ തങ്കം
മദാലസം തല കറങ്ങി മാഴ്കി നിൻ
മടിത്തട്ടിൽ കിടന്നുറങ്ങുവനല്ല.
അഭിമാനത്തോടസിലതയേന്തി—
ത്തടക്കളത്തിലേക്കിറങ്ങുവാനല്ലേ.

(വീരപാണം)

അടക്കളത്തിലേക്ക് അസിലതയുമേന്തിപ്പുറപ്പെടുന്ന നായകന്റെ നെറ്റിയിൽ കുങ്കുമമണിയിച്ച് കഴുത്തിൽ മാല്യം ചാർത്തി സാഭിമാനം അദ്ദേഹത്തെ വീക്ഷിച്ച് പുളകം കൊള്ളുന്ന ഒരു വീരവധൂടിയുടെ ചിത്രമാണ് "അന്തഃപുര"ത്തിലെ നായിക. കർമ്മധീരനായ പുരുഷന്റെ മധുരമായ പ്രചോദനമാണവൾ. അവളുടെ സംഗീതം മാദകമായ രാഗക്കൊഴുപ്പു മാത്രമല്ല. അത് ശ്രോതാക്കളുടെ സിരകളിലൂടെ ചുടുചോര പായിക്കുന്ന അവരെ പ്രബുദ്ധവീരന്മാരാക്കുന്ന സമര കാഹളമാണ്. അനീതിയോടും അധർമ്മത്തോടും പടവെട്ടുവാനുള്ള ഗംഭീരമായ ആഹ്വാനമാണ്. അവൾ ഭാരതത്തിലെ വീരവധൂടിയാണ്.

നായകനോ? അയാൾ അനീതിയുടെയും അധർമ്മത്തിന്റെയും നേർക്കു പടവെട്ടുവാനായി പുറപ്പെടുന്ന പടയാളിയാണ്. ആ ജീവിതം മാതൃമോചനാർത്ഥം ഉഴിഞ്ഞുമാറ്റി വച്ചിരിക്കുകയാണ്. അയാൾ വീര്യത്തിന്റെയും ത്യാഗത്തിന്റെയും ഉടലെടുത്ത കർമ്മവീരനാണ്.

പോരെ? നായകനെ കവിയായിട്ടോ നായികയെ ഭാവനയായിട്ടോ കരുതിക്കൊള്ളൂ. എങ്കിൽ കവികളുടെ യഥാർത്ഥകർത്തവ്യമെന്താണെന്നു നിങ്ങൾക്കു മനസ്സിലാകും. അല്ലെങ്കിൽ നായകനെ കേവലം ഒരു ഭാരതീയയുവാവായിട്ടും നായികയെ അയാളുടെ കാമിനിയായിട്ടോ, പത്നിയായിട്ടോ കരുതിക്കൊള്ളൂ. എങ്കിൽ ഭാരതത്തിലെ യുവലോകത്തിനു മഹത്തായ ഒരു സന്ദേശം ശ്രീ ചെറുകാട് നൽകുന്നതായി നമുക്കു കാണാം.

ഏതായാലും ഒന്നു തീർച്ചയാണ്. ശ്രീ ചെറുകാടിന്റെ "അന്തഃപുരം" സജീവമായ ചില രംഗങ്ങളാണ് നമ്മുടെ മുമ്പിൽ നിരത്തിവെക്കുന്നത്. കർമ്മക്ഷേത്രത്തിലേക്കുള്ള ആഹ്വാനമാണ് അതിൽനിന്നും മധുരമായി മുഴങ്ങുന്നത്. അതും മതി സഹൃദയരുടെ ശ്രദ്ധയെ ആകർഷിക്കാൻ; ആദരവിനെ അർഹിക്കാൻ.

(നാഗവള്ളി)

# വൃന്ദാവനം

ഗ്രന്ഥകർത്താ കെ. വി. എം.
മംഗളോദയം ലിമിറ്റഡ് തൃശ്ശിവപേരൂർ

ഒരു കവിയെന്ന നിലയിലല്ലാതെ ഒരു ഗദ്യകാരനായിട്ടും, തർജ്ജമക്കാരനായിട്ടും മലയാളികൾക്കു സുപരിചിതനായിക്കഴിഞ്ഞ ശ്രീ കെ വി എം ആണ് ഈ ഗ്രന്ഥത്തിൽ കവിയായി രംഗപ്രവേശം ചെയ്യുന്നത്. ഈ കെ വി എം ആരാണെന്ന്, ആ മൂന്നക്ഷരത്തിനു പുറകിലുള്ള പേരെന്താണെന്ന് ഇതെഴുതുന്ന ആളിനു തീരെ നിശ്ചയമില്ല. സുപ്രസിദ്ധ ആംഗ്ലേയ സാഹിത്യകാരനായ ജാർജ് ബർണാഡ്ഷായെ ജി ബി എസ് എന്നു ചുരുക്കിപ്പറയാറുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പേരു മുഴുവൻ പ്രസിദ്ധപ്പെടുത്താറുണ്ട്. അദ്ദേഹം എഴുതുന്ന ലേഖനങ്ങളിൽ പോലും ബർണാഡ്ഷാ അല്ലെങ്കിൽ ഷാ എന്നെങ്കിലും കാണാം. എന്നാൽ ഈ ഗ്രന്ഥകർത്താവു കെ വി എം എന്ന മൂന്നക്ഷരത്തിനു പുറകിൽ മറഞ്ഞുനിൽക്കുകയാണ്. അതു വായനക്കാരോടു കാട്ടുന്ന ഒരപരാധമായിട്ടാണ് ഇതെഴുതുന്ന ആൾക്കു തോന്നുന്നത്. കാരണം ഒരു ഗ്രന്ഥം വായിക്കുമ്പോൾ അതിന്റെ കർത്താവിന്റെ പേരറിയുവാൻ നമുക്കു ജിജ്ഞാസ തോന്നുന്നതു സഹജമാണ്. ഈ മൂന്നക്ഷരം ആ ജിജ്ഞാസ ശമിപ്പിക്കുവാൻ തീരെ പര്യാപ്തമല്ലതന്നെ.

# പ്രാർത്ഥന

(സ്വാ വി)

തരുണഭാസ്കരകിരണരഞ്ജനാൽ
അരുണം പ്രാചിതൻ കവിളിലും,
മലനഗാനങ്ങൾ മധുരം മൂളുന്ന
മധുകരാലാപധോരിയിലും,
ഇളമന്ദമാരുതൻ്റെയിളകും ചില്ലയിൽ
പുളകം പൂളുന്ന തളിരിലും.
മൃദുലവായുവിലലസം ചാഞ്ചാടും
മലരിലോലുന്ന മധുവിലും,
കല്പനബാലിക തിരഞ്ഞുനിന്നെ ഞാൻ
പകലുമാവിധമിരവിലും,
അലസം താവക ചപലാപാംഗമേ—
ഇവനിലൊട്ടിടപതിയുകിൽ
കൃതകൃത്യനായ് ഞാൻ, നതാംഗി നീ തെല്ലു
സദയനായീടുക കനിയണം.

---

അങ്കപ്പോരാകട്ടെ. എട്ടു ഖണ്ഡകാവ്യങ്ങളാണ് ഇതിലുള്ളത്. ശബ്ദഭംഗിയോ വിഷയത്തിൻ നവീനതയോ ഒന്നും ഈ ചെറുകാവ്യങ്ങൾക്കില്ലെന്നു ഗ്രന്ഥകർത്താവു തന്നെ മുഖവുരയായി പറയുന്ന സ്ഥിതിക്കു പിന്നെന്തു പറയാനാണ്? പക്ഷേ അതു വായിക്കുമ്പോൾ വായനക്കാരൻ ഇങ്ങനെ ചോദിക്കുവാനിടയുണ്ട്.

"ഇതൊന്നുമില്ലെങ്കിൽ പിന്നെന്തിനാണ് ഇതു പ്രസിദ്ധപ്പെടുത്തി ഞങ്ങളെ ബുദ്ധിമുട്ടിക്കുന്നതു?"

ഈ കാവ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിൻ കവിക്കുള്ള സമാധാനമാണ് കൂടുതൽ രസിച്ചതും. അദ്ദേഹം മുഖവുരയായി പറയുകയാണ്.—

"എങ്കിലും എനിക്കൊരു സമാധാനമുണ്ട്. ഞാനിതാ എൻ്റെ ഉദ്യോഗത്തിൽനിന്നു പെൻഷൻ പറ്റി പിരിയുന്നു".

ഏതു ഭാഗത്തിൽനിന്നാണോ ആവോ? കവിതയെഴുതുന്ന ഉദ്യോഗത്തിൽനിന്നോ അതോ ജീവിതവൃത്തിക്കായി സ്വീകരിച്ചിരിക്കുന്ന വേറെ ഉദ്യോഗത്തിൽനിന്നോ?

ഇത്രയും പറഞ്ഞതു് ഇമ്മാതിരിയുള്ള പ്രസ്താവനകളുടെ അനാവശ്യകതയെ ചൂണ്ടിക്കാണിക്കുന്നതിൻ മാത്രമാണ്. സ്വകലാസൃഷ്ടികളെക്കുറിച്ചു കവിക്കോ കലാകാരനോ ഒരു മതിപ്പുണ്ടായിരിക്കണം. അത്യവിനയം അഭിനയി... ... ഇടിച്ചുതാഴ്ത്തിപ്പറ

# വഴക്കുതീർക്കുക

(ചെറുകാട്)

(അന്നനട)

പൊതുശത്രുവൊന്നിബ്ഭരതഭൂവിലു
ണ്ടതേ—യതിങ്കലുള്ള മറുനാടൻസർക്കാർ
അതിൻ്റെ നേർക്കാകെയൊന്നടിക്കുക നമ്മൾ
കുരുതകരുതെ തരിപ്പണമായി.
"തരേണം പാകിസ്ഥാൻ"
"തരില്ല പാകിസ്ഥാൻ"
"തരില്ലെങ്കിൽ വാങ്ങും"—
"മതൊന്നു കാണട്ടെ"
ഇതെന്തൊരു ചോദ്യ?—മിതെന്തൊരുത്തര?
മിതെന്തു വ്യാക്ഷേപം? ഇതെന്തു പകാണം
അടർക്കളത്തിൻ്റെ നടുക്കവെച്ചേവ—
മടിക്കുവാൻ നിശ്ചയതൊരു വിവേകമോ?
കൊടുപ്പതാരാണിങ്ങെടുപ്പതാരാണി—
ങ്ങെടുത്ത സോദരരണച്ചുപുൽകേണ്ടോർ!
വഴക്കുതീർക്കുക—വിജയസൗധത്തിൻ
വഴിയിലെ വിലങ്ങൊഴിച്ചുമാറ്റുക.
സ്വതന്ത്രരാകുവാൻ പൊരുതുമ്പോൾ നമ്മൾ
സഹോദരന്മാരെ വിലങ്ങുവെക്കയോ?
ഇതുതന്നെയാണോ ജനാധിപത്യ—മ—
ല്ലിതു സാമ്രാജ്യത്തനിഷ്പകർപ്പതോ

---

യുന്നതു് അവ ആസ്വദിക്കാനൊരുമ്പെടുന്ന സഹൃദയരെ നിരാശപ്പെടുത്തുവാൻ മാത്രമേ പ്രയോജനപ്പെടുകയുള്ളൂ.

ഗ്രന്ഥകർത്താവു മുഖവുരയായി പറഞ്ഞിരിക്കുന്ന അഭിപ്രായങ്ങളോടു വിയോജിക്കുവാൻ സഹൃദയരെ സന്നദ്ധരാക്കുവാൻ തക്കവണ്ണം സുന്ദരങ്ങളായ ചില ഭാഗങ്ങൾ ഈ ഗ്രന്ഥത്തിലുണ്ടെങ്കിലും പലയിടത്തും കലാസുഭഗമായ സൂചനകൾകൊണ്ടു സാധിക്കാവുന്ന രംഗങ്ങൾ കവി അടിച്ചു പരത്തി വിസ്തരിച്ചു വർണ്ണിക്കാനൊരുമ്പെട്ടതിൻ്റെ ഫലമായി അനാകർഷകമായിത്തീർന്നിരിക്കുന്നു. വിസ്തരഭയത്താൽ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകാണിക്കുന്നില്ല.

ശ്രീ കെ വി എം മേലിൽ കാവ്യങ്ങൾ നിർമ്മിക്കുകയില്ലെന്നു തീർത്തു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഇതിലും ഭേദപ്പെട്ട കവിതകൾ അദ്ദേഹത്തിൽനിന്നു പ്രതീക്ഷിക്കുവാൻ നമുക്കു നിർവാഹവുമില്ലല്ലോ.

(നാഗവള്ളി)

# സിനിമാവ്യവസായം

(ഇ. പത്മനാഭമേനോൻ എം. എ.)

സിനിമാനിർമ്മാണം ഒരു കലയാണു്. എന്നാൽ അതിനു വ്യവസായത്തോടും ബന്ധമുണ്ടു്. ഒരുപക്ഷേ അതിന്റെ വ്യവസായപരമായ പ്രകൃതി കലാപരമായതിനെ അതിക്രമിക്കുന്നുണ്ടെന്നു പറയാം. ചലനചിത്രങ്ങളുടെ പ്രചാരം ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു കേരളത്തിൽ കുറവാണെങ്കിലും ക്രമേണ അതു നമ്മുടെ ഇടയിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടാണിരിക്കുന്നതു്.

സിനിമാവ്യവസായം അമേരിക്കയിൽ ഏറ്റവും വലിയ വ്യവസായങ്ങളിലൊന്നാണു്. ഇൻഡ്യയിലും അതിന്റെ സ്ഥിതി ഏറെക്കുറെ ഇതുതന്നെയാണു്. യുദ്ധാരംഭത്തിനു കുറച്ചു മുൻപുള്ള കണക്കുപ്രകാരം ഇൻഡ്യയിൽ പതിനഞ്ചുകോടി രൂപാ ഈ വ്യവസായത്തിലിറക്കിയിട്ടുണ്ടെന്നും നാൽപതിനായിരം ജനങ്ങൾ ഇതിന്റെ സഹായത്താൽ ഉപജീവനം കഴിച്ചുവരുന്നെന്നും കാണുന്നു.

ഈ വ്യവസായത്തിൽ നിർമ്മാണം, വിതരണം, പ്രദർശനം എന്നു മൂന്നു മുഖ്യ വകുപ്പുകളാണുള്ളതു്. നിർമ്മാണം അത്ര എളുപ്പമുള്ള കാര്യമല്ലെന്നു പറയേണ്ടതില്ലല്ലോ. രണ്ടുലക്ഷം രൂപയില്ലാതെ എത്ര ചെറിയ ഒരു സ്റ്റുഡിയോ പോലും സ്ഥാപിക്കാൻ സാധിക്കയില്ലെന്നാണു് യുദ്ധത്തിനു മുൻപുള്ള കണക്കു്. ഇൻഡ്യയിൽ പത്തോ പന്ത്രണ്ടോ സ്ഥലങ്ങളിൽ മാത്രമേ നിർമ്മാണം നടത്തുന്നുള്ളു.

നിർമ്മാതാക്കളധികം പേരും ഓരോ ചിത്രത്തിന്റെ ആവശ്യത്തിനു സ്റ്റുഡിയോ വാടകയ്ക്കെടുക്കുകയാണു ചെയ്യാറുള്ളതു്. മൂന്നുമാസ കാലത്തിനുള്ളിൽ നാൽപതു പ്രവൃത്തിദിവസങ്ങൾകൊണ്ടു ഒരു ചിത്രം പൂർത്തിയാക്കാൻ സാധിക്കും. സ്റ്റുഡിയോ വാടക ഒരു ദിവസത്തിനു ശരാശരി അഞ്ഞൂറുറുപ്പിക സാധാരണയാണു്. ചിത്രത്തിൽവേണ്ട കെട്ടിടങ്ങളും എല്ലാവക ഉപകരണങ്ങളും വിദ്യുച്ഛക്തിയും സ്റ്റുഡിയോവകയായിരിക്കും.

അഭിനയം, പരിശീലനം, ചിത്രണം മുതലായവ സ്റ്റുഡിയോയിൽവച്ചു് ആരംഭിക്കുന്നതിനു മുമ്പായി ദിഗ്ദർശകൻ (Director) പല കാര്യങ്ങളും ആലോചിച്ചു തീർച്ചപ്പെടുത്തണം. ഒന്നാമതു് ഒരു കഥ തെരഞ്ഞെടുക്കണം. വായനയിൽ രസകരമായ ഒരു കഥ ചിത്രത്തിൽ മുഷിച്ചിലുണ്ടാക്കിയെന്നു വരാം. ചലനചിത്രങ്ങളിൽ ധാരാളം സംഭവങ്ങളുണ്ടായിരിക്കണം.

അടുത്തതു രംഗവിഭജനമാണു്. ഇപ്പോഴുള്ള പടങ്ങൾ ശരാശരി 1100·അടി നീളമുള്ളതാണു്. ഈ നീളത്തിൽ സാധാരണ എഴുപതോ എഴുപത്തിഅഞ്ചോ രംഗങ്ങൾ അടങ്ങിയിരിക്കണം. ഭവനം, ആരാമം, തെരുവു് മുതലായി ഓരോ ചിത്രത്തിലും ഏഴോ എട്ടോ സെറ്റുകൾ ഉണ്ടായിരിക്കും. കൂടാതെ പുറമെ എടുക്കുന്ന ചില സീനുകളും എല്ലാ ചിത്രങ്ങളിലും ഉണ്ടാകും.

ഓരോ രംഗത്തിലും കാമറാ ഓരോ കോണുകൾ (Angles) വെച്ചാണെടുക്കുന്നതു്. ഓരോ കോണിൽ നിന്നെടുക്കേണ്ട ചിത്രത്തിന്റെ നീളവും ആ നീളത്തിലടങ്ങുന്ന സംഭാഷണവും മുൻകൂട്ടി തിട്ടപ്പെടുത്തണം.

ഇങ്ങനെ സാഹിത്യവും ചിത്രീകരണവും തീർച്ചപ്പെടുത്തിയാൽ ദിഗ്ദർശകനു് അഭ്യസനം മുതലായ മുറകൾ ആരംഭിക്കാം. അഭ്യസനത്തിന്റെ മുറകൾ നാടകത്തിലെപ്പോലെയല്ല. ആ ദീർഘകാലത്തെ അഭ്യസനം സിനിമായ്ക്കാവശ്യമില്ല. പടം പിടിക്കുന്നതോടുകൂടി അഭ്യസനവും നടത്താം.

പടങ്ങളുടെ അധികഭാഗവും ഇപ്പോൾ സ്റ്റുഡിയോവിന്റെ അകത്തുവെച്ചുതന്നെയാണു പൂർത്തിയാക്കുന്നതു്. സംഭാഷണങ്ങൾ റിക്കാർഡു ചെയ്യുന്നതിൽ പുറമെയുള്ള ശബ്ദങ്ങളുടെ ഉപദ്രവം ഉണ്ടാകാതിരിക്കാനാണു് ഇങ്ങനെ ചെയ്യുന്നതു്. സംഗീതം റിക്കാർഡു ചെയ്തതിൽപ്പിന്നെയാണു് സാധാരണയായി ചിത്രീകരിക്കപ്പെടുന്നതു്.

ഓരോ രംഗവും ചിത്രീകരിച്ചുകഴിഞ്ഞാൽ രംഗങ്ങൾ തമ്മിൽ ഘടിപ്പിക്കുകയെന്ന മുഖ്യമായ കാര്യമുണ്ടു്. ഇതിൽ സൂക്ഷ്മത കുറഞ്ഞുപോയാൽ ചെയ്ത പ്രവൃത്തി മുഴുവൻ വൃഥാവിലാകും. സാധാരണ ഒരു ചിത്രം നിർമ്മിക്കാൻ യുദ്ധത്തിനു മുൻപുതന്നെ അരലക്ഷം മുതൽ ഒരു ലക്ഷംവരെ രൂപാ ചെലവാക്കേണ്ടിയിരുന്നു. ഈ സംഖ്യ മുഴുവൻ സ്വന്തം കൈയിൽനിന്നു മുടക്കി പ്രദർശനത്തിനുശേഷം വസൂൽ ചെയ്യു

ന്ന പക്ഷം ഒരു നിർമ്മാതാവിനു നാലഞ്ചു വർഷത്തിനകം ഒരു ചിത്രം മാത്രമേ പൂർത്തിയാക്കാൻ കഴിയു എന്നു വരും. ഒരു ചിത്രം ഒരേ സമയം തന്നെ പല സ്ഥലങ്ങളിലും പ്രദർശിപ്പിക്കുന്നതു് വളരെ ആദായകരമായതിനാൽ വ്യാപാരികൾ ഇക്കാര്യത്തിൽ ബുദ്ധിപൂർവം പ്രവർത്തിച്ചു കോടിക്കണക്കിനു ദ്രവ്യം സമ്പാദിച്ചിട്ടുണ്ടു്. ഇവരാണു് ചിത്രനിർമ്മാണത്തിനു വേണ്ട തുക കൊടുത്തു സഹായിക്കാറുള്ളതു്. ചിത്രങ്ങളുടെ സർവ്വാവകാശങ്ങളും ഇവർ വാങ്ങിക്കൊണ്ടു് ഒരു നല്ല തുക മുൻകൂർ കൊടുക്കുന്നു. പ്രദർശനം കമ്മീഷൻ കണക്കിനു നിർവഹിക്കുന്നതും അസാധാരണമല്ല. വിതരണക്കമ്പനിക്കാരുടെ അഭിപ്രായം മലയാള ചിത്രങ്ങൾക്കു അഞ്ചുകൊല്ലംകൊണ്ടു മൂന്നുലക്ഷം രൂപായെങ്കിലും കേരളത്തിൽ നിന്നുതന്നെ വരവുണ്ടാകുമെന്നാണു്.

സിനിമാ വ്യവസായത്തിൽ കേരളത്തിന്റെ സ്ഥിതി ശോചനീയമാണു്. ഇവിടെ നിർമ്മാണം നടക്കുന്നേയില്ല. ഇതുവരെ മൂന്നേമൂന്നു ചിത്രങ്ങളാണു് മലയാളത്തിലുണ്ടായിട്ടുള്ളതു്. ഇവ തമിഴരുടെ ആഭിമുഖ്യത്തിലായിരുന്നുതാനും. ഇവയിൽ കേരള സംസ്കാരത്തെയോ നമ്മുടെ സുപ്രസിദ്ധ കലകളേയോ സംഗീതത്തെയോ സാഹിത്യത്തെയോ പോഷിപ്പിച്ചിട്ടില്ല. മലയാളികൾ ഈ ചിത്രങ്ങൾ ധാരാളമായിക്കണ്ടു് നിർമ്മാതാക്കന്മാർക്കു നല്ല ലാഭമുണ്ടാക്കിക്കൊടുത്തിട്ടുണ്ടെന്നു മാത്രം.

കേരളത്തിലെ വിതരണക്കാർ അധികവും മറുനാട്ടുകാരാണു്. അല്പം ചില മലയാളികളും ഈയിടെയായി ഈ വ്യവസായത്തിലിറങ്ങിയിട്ടുണ്ടു്. വിതരണക്കാർ ആരായാലും ഇവിടെനിന്നു നാട്ടുകാരുടെ ദ്രവ്യം മറ്റു സംസ്ഥാനങ്ങളിലേക്കയക്കുകയാണു ചെയ്തുകൊണ്ടിരിക്കുന്നതു്.

മലയാളത്തിലെ പ്രദർശനങ്ങളുടെ കാര്യവും കുറെ പരുങ്ങലിലാണു്. തിരുവനന്തപുരത്തും കോഴിക്കോട്ടും മൂന്നു വീതവും, തൃശ്ശൂർ, കൊച്ചി, പാലക്കാട്ടു്, കോട്ടയം, നാഗർകോവിൽ, ആലപ്പുഴ മുതലായ ചില പട്ടണങ്ങളിൽ രണ്ടുവീതവും പതിനഞ്ചോളം സ്ഥലങ്ങളിൽ ഒന്നുവീതവും സ്ഥിരം പ്രദർശനശാലകളുണ്ടു്. മഴയില്ലാത്ത കാലങ്ങളിൽ കൂടാരങ്ങൾ സ്ഥാപിച്ചു സിനിമാ പ്രദർശനം നടത്തുന്ന ചില സ്ഥലങ്ങളുമുണ്ടു്. തലശ്ശേരി, കണ്ണൂർ, വടകര, പൊന്നാനി മുതലായ മുഖ്യസ്ഥലങ്ങളിൽ സ്ഥിരവും പൊതുജനങ്ങൾക്കു സൗകര്യമുള്ളതുമായ സിനിമാശാലകളില്ലാത്തതു ലജ്ജാവഹം തന്നെ.

# പശുവിൻപാൽ

ഡോക്ടർ ജെറോം, ഫ്രാകന്റു്

പാൽ എന്ന പദത്തിൽതന്നെ പരിശുദ്ധത പരിപൂർണ്ണമത്രെ. പൗരാണികകാലത്തുണ്ടായിരുന്നവരുടെ മുഖ്യപാനീയം പാലുതന്നെയായിരുന്നു. അവരുടെ അന്നത്തെ പ്രധാനതൊഴിൽ കന്നുകാലി വളർത്തൽ ആയിരുന്നെന്നു ചരിത്രം തെളിയിക്കുന്നു.

രോഗമില്ലാത്ത പശുക്കളുടെ പാലുവേണം ഉപയോഗിക്കാൻ. കറന്നെടുത്ത ചൂടോടെ പാൽ ഉപയോഗിക്കുന്നതു് ഏറ്റവും ഉത്തമം. അങ്ങനെയുള്ള പാൽ നിർദ്ദോഷകരമായിരിക്കണമെങ്കിൽ പശുക്കളെ ശരിയായി വളർത്തണം.

പാൽ പല രോഗങ്ങൾക്കും പരിഹാരം വരുത്തുന്ന പരിശുദ്ധ പാനീയമാണു്. ചികിത്സാശാസ്ത്രത്തിന്റെ ഉത്ഭവകാലം മുതൽ പാൽ വിശിഷ്ടപാനീയമായി ഉപയോഗിച്ചുപോരുന്നു. യാതൊരുതരത്തിലുള്ള ചികിത്സകൊണ്ടും ഭേദപ്പെടുത്താൻ സാധിക്കാത്ത വൻതരം രോഗങ്ങൾപോലും വിധിപ്രകാരമുള്ള ക്ഷീരപാന ചികിത്സയാൽ ഭേദപ്പെടുത്താൻ കഴിയുമെന്നു് ഒരു പ്രസിദ്ധ ജർമ്മൻ ഡാക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു. 1857ൽ Dr. Inosemt self ആയിരത്തിലധികം രോഗികളെ വിജയകരമാംവിധം ചികിത്സിച്ച ഫലങ്ങൾ വിസ്തരിച്ചു് "പാൽ ചികിത്സ" എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു് 1866ൽ Dr. ഫിലിപ്പ് സി. കരൾ-വാതം, കാസം, ശ്വാസം, നാ

(ശേഷം 15-ാം പേജിൽ)

---

വിനോദത്തിനു മാത്രമല്ല വിദ്യാഭ്യാസത്തിനും സിനിമാപടങ്ങൾ ഉപയോഗപ്രദമാണു്.

മലയാളത്തിൽ സിനിമാനിർമ്മാണവും പരക്കെയുള്ള പ്രദർശനവും ഏറ്റവും അത്യാവശ്യമാണു്.

കേരളത്തിൽ സുപ്രസിദ്ധന്മാരായ നടീനടന്മാരുണ്ടു്. പ്രശസ്തനായ ഒരു തമിഴ് സിനിമാ ഡയറക്ടർ പേരുമാറിയ ഒരു മലയാളിയാണു്. പാപനാശം ശിവനും എൻ. എസ്സ്. കൃഷ്ണനും മലയാളികളാണു്. നമുക്കു ആവശ്യമുള്ള ധനസഹായം മാത്രമാണു്. ഇതു ഏറ്റവും ലാഭമുള്ള വ്യാപാരമാണെന്നു പണക്കാർ മനസ്സിലാക്കണം. ഇല്ലെങ്കിൽ ഈ വ്യവസായം പരദേശികൾക്കൈക്കലാകും,

# പതിമൂന്നാം പേജിൽ

(ബാലൻ)

ന്യൂസ് വളരെയുണ്ട്. എവിടെയാ ഇങ്ങനെ ത്തു കറിയ്യാച്ചാ? തെരുവിൽ ബാഗിൽ മൂർഖൻ പാമ്പിനെ അയയ്ക്കാവുന്ന കാലമാണല്ലോ. ഇനി കവറിനകത്താക്കിയും അയയ്ക്കാമെന്ന ലാഭം. വർക്കിസാറും മുണ്ടശ്ശേരി മാസ്റ്ററും സൂക്ഷിക്കണേ. ബാലനൊരു നിർദ്ദേശമുണ്ട്. പോസ്റ്റ് മാസ്റ്റന്മാരും പി. സി. ക്കാരും ഓരോ വടി കരുതിക്കൊള്ളുക

* * *

ഓ, വടിയുടെ കാര്യം പറയുമ്പോൾ പട്ടാഭിയെയാണോർമ്മ വരുന്നത്. ഖദിക്ക് അദ്ദേഹത്തിന്റെ ഗീതയിലും ഒരു ബഹുമാന്യപദവിയുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തോട് യുദ്ധം ചെയ്യാൻ അഹിംസ. കാരണമുണ്ട്. കേവലം സാധു പാവത്തന്നയാളാണ്. അതുകൊണ്ട് ഹിംസിക്കരുത്. കമ്മ്യൂണിസ്റ്റ്കാരുടെ തല തല്ലിപ്പൊളിക്കണം. അതിനും കാരണമുണ്ട്. അവർ അഹിംസയിൽ വിശ്വസിക്കുന്നില്ല. നമ്മൾ വിശ്വസിക്കുന്നുണ്ട്. വെറുതെ തർക്കിച്ചു തല പുണ്ണാക്കണ്ട. ഇതു നിങ്ങൾക്കൊന്നും മനസ്സിലാവുകയില്ല. ഇതു പ്രാചീനഭാരതീയതർക്കശാസ്ത്രമനുസരിച്ച് ശരിയാണ്. അല്ലെങ്കിൽ ചെല്ലുന്ന കത്തിരാമൻനായർ പറയട്ടെ. പക്ഷേ "തെന്നൽ സചിവൻ" എന്നാണല്ലോ. ശിഷ്യഗണം ഒരടി കൂടി മുന്നോട്ട് വച്ചിട്ടുണ്ട്. ബുദ്ധിയുള്ള തലയാണെങ്കിൽ (ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റേതുപോലെ) അതുകൊണ്ട് സൂപ്പ് കുടിക്കുക. ബുദ്ധിയില്ലാത്തതാണെങ്കിൽ (വള്ളത്തോളിന്റേതുപോലെ) എറിഞ്ഞു പൊട്ടിച്ചു ചെളിയൊക്കെ പുറത്തു കളയുക.

സാരമില്ല, തെരഞ്ഞെടുപ്പല്ലേ. അതൊന്നും സാരമില്ല. (ഒരാൾ പറഞ്ഞതാ.)

* * *

ഇപ്പഴെ വിദ്യാഭ്യാസപ്രക്ഷോഭണമൊക്കെ എങ്ങനെയായി. എസ്. എൻ. ഡി. പി. ഇത്തരം പ്രക്ഷോഭണത്തിനൊക്കെ എതിരാണ്. വിദ്യാഭ്യാസം ഗവർമ്മെന്റു ഏറ്റെടുത്തു നടത്തുന്നതാണ് നല്ലത്. അതുകൊണ്ട് എസ് എൻ ഡി പിക്ക് ഒരു കോളേജ് വേണം. നമസ്തേ. നമസ്തേജി.

"കത്തോലിക്ക് വിദ്യാലയങ്ങളിൽ ഒരു കത്തോലിക്ക് അന്തരീക്ഷമുണ്ട്." (ഡയസ്സസാ) എല്ലാറ്റിനും. ഒരു കത്തോലിക്കൻ കത്തോലിക്കാ രീതിയിൽ വരച്ച കത്തോലിക്കാ ത്രികോണത്തിന്റെ കോണങ്ങൾ ഒരു കത്തോലിക്കൻ അളന്നുകൂട്ടി നോക്കിയാൽ 180 കത്തോലിക്കാ ഡിഗ്രിയായിരിക്കും. (മോഷ്ടിച്ചതാണേ. പണ്ടാരാണ്ട് ഇംഗ്ലണ്ടിൽ പറഞ്ഞതാണേ. ഇനിയുമുണ്ട്.—

ഗിബ്ബണിന്റെ റോമൻസാമ്രാജ്യചരിത്രം [illegible]യാണേ. എലിസബത്തുരാജ്ഞി മതപീഡനം നടത്തി. മേരിറാണി ഒട്ടും നടത്തിയില്ല ഒട്ടും.

ഫ്രാങ്കോ പരമയോഗ്യനാണേ (സി ജെ വർക്കിയോട് ചോദിക്കുക)

ഉണ്ടേ, ഉണ്ട്. അന്തരീക്ഷവുമുണ്ട്. അതിൽ കൂട്ടതല്ലുമുണ്ട്.

* * *

കമ്മ്യൂണിസ്റ്റ്കാര് കള്ളന്മാരാ. അവര് ഒന്നിനും കൊള്ളുകയില്ല. പിന്നെ അവരുടെ പേര് പറഞ്ഞു നമുക്ക് മിടുക്കനാകാം. [illegible]ലെ യഥാർത്ഥജനനേതാക്കന്മാർ. കമ്മ്യൂണിസ്റ്റ്കാര്. മനസ്സിലായോ നെഹ്റു. ഇല്ല. നിങ്ങൾക്ക മനസ്സിലാകത്തില്ല. നിങ്ങൾ [illegible]ിയാണ്ടിന്റെ സ്നേഹിതനാ. ഞാൻ കമ്മ്യൂണിസ്റ്റ്കാരുടെയും. നിങ്ങൾ വലിയ നേതാവായി ഞെളിയണ്ടാ. നിങ്ങൾ എന്റെ കൊച്ചനിയനെ കോൺഗ്രസിൽ നിന്നു പുറംതള്ളിയല്ലോ ഞാൻ മറക്കുമോ. അധികം താമസിയാതെ ഞാൻ നിങ്ങളെ പുറംതള്ളിക്കൊള്ളാം.

എന്നോട് കളിക്കുന്നതു സൂക്ഷിച്ചു വേണം. ഞാൻ ഇപ്പോൾ ഒരാളല്ല, രണ്ടാളാണ്. ഞാനും എന്റെ കൊച്ചനിയനും; അയാളാണ് ചൈനായിലെ കാര്യം എന്നോട് പറഞ്ഞത്. അതുകൊണ്ടാണ് അയാൾ ജപ്പാനിലേക്കു പോയത്. (യെനാൻ ജപ്പാനിലാണെന്ന് ഏതു ഭൂമിശാസ്ത്രപുസ്തകത്തിലാണാവോ )

കമ്മ്യൂണിസ്റ്റുകാർ ഈയിടെ പ്രാർത്ഥിച്ചു തുടങ്ങിയെന്നു കേട്ടു. "സ്നേഹിതന്മാരിൽനിന്നു ഞങ്ങളെ രക്ഷിക്കണേ" എന്ന്.

* * *

വയറിനുവേണ്ടി പട്ടാളത്തിൽ ചേർന്ന കുറെ മനുഷ്യർ ജപ്പാന്റെകൂടെ ചേർന്നുപോലും. അതിനവരെയൊക്കെ ശിക്ഷിക്കണം. വേണ്ടതാണ്; ഒരു ജഡ്ജി വേണമല്ലോ. ഇൻഡ്യാക്കാരായാൽ പറ്റുകയില്ല. അവരൊക്കെ [illegible]

കരനാണു്. ജോൺബുൾമഹറി എന്നൊരാൾ ഇംഗ്ലണ്ടിൽ ഉണ്ടു്; വരുത്തിയാൽമതി. ഈ ശത്രുവിന്റെക്കൂടെ കൂടുന്ന കാര്യത്തിൽ അദ്ദേഹത്തിനു വളരെ പരിചയമാണു്. വളരെ അടുത്ത അറിവുണ്ടു്. പക്ഷെ വേഗം വേണം. ഡിസംബർ 19-ാംനു അയാൾ ഒരു ഞാണിന്മേൽ മണ്ഡിപ്പു നടത്താൻ ഭാവമുണ്ടു്. അതിനു മുമ്പുതന്നെ വേണം.

സായ്പു് നീതി നടത്തുന്നതിൽ വലിയ ഭ്രമക്കാരനാ.

* * *

സ്വന്തം നാട്ടിൽ മാത്രം നീതി നടത്തിയാൽ മതിയോ? ഏയ്‌ അതു പോരാ. സ്വാർത്ഥത ഒട്ടും നന്നല്ല. പാവപ്പെട്ട ഡച്ചു സാമ്രാജ്യത്തേയും ഫ്രഞ്ചു സാമ്രാജ്യത്തേയും ഒന്നു സഹായിച്ചുകളയാം. ജാവായിലും ഇൻഡോചൈനയിലും കുറെ ജാപ്പുകാട്ടാളന്മാർ സ്വാതന്ത്ര്യം സ്വയംഭരണം മുതലായ അനാവശ്യമായ (ആറ്റം ബോംബു് കാലത്തിനു യോജിക്കാത്തതു് എന്നർത്ഥം—കെ. കൃ. മാരാരു് ക്ഷമിക്കണം) പദങ്ങൾ വിളിച്ചു കൂകിത്തുടങ്ങിയിരിക്കുന്നു. ഈ വറകളെ സായ്പദ്ദേഹം ഒരു പാഠം പഠിപ്പിക്കാതെ വിടുമോ. ഇംഗ്ലണ്ടിലെ ചെറുപ്പക്കാരെ അതിനായി ചെലവാക്കേണ്ട ആവശ്യമില്ല. വേണ്ടിടത്തോളം ഇൻഡ്യയിൽ തന്നെ വാങ്ങാൻ കിട്ടും.. തൊഴിലാളി സാമ്രാജ്യത്വം സിന്ദാബാദ്.

* * *

വിശ്വാസമില്ലെങ്കിൽ കേട്ടുകൊള്ളുക! ഞങ്ങളുടെ ആത്മാർത്ഥതയിൽ സംശയമുള്ളവർ തുറന്നു പറയട്ടെ. ആർക്കും വരാം. പച്ചോ രാജാവയ്യ്! ബെവിൻ സായ്പങ്ങളെയാ. ഇനി ഞങ്ങൾ പറയും. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ പറയാം. വലുതും ചെറുതുമായ രാജ്യങ്ങൾക്കൊക്കെ, ഈജിപ്തിനോ, സിലോണിനോ, ബർമ്മക്കോ, ചെറുംപാട്ടക്കാരനോ; കാണപ്പാട്ടക്കാരനോ, ഇനി ഇൻഡ്യക്കുതന്നെയുമോ വേണമെങ്കിൽ പറയാം. പക്ഷെ തുറന്നു പറയണം. ഗാന്ധിജിയും നെഹ്റുവും പറയുന്നതുപോലെ കണ്ടമുകളിലും മൂലയിലും ഒക്കെ ഇരുന്നു പറഞ്ഞാൽപോരാ. കൊറച്ചൊക്കെ പറയണേ. സായ്പിന്റെ കരണത്തിനെന്തോ ഒരു അൽപം അസുഖമുണ്ടു്.

* * *

സ്റ്റാമ്പു കിട്ടാത്തതിനു പൗരപ്രമുഖ[illegible] പ്രതിഷേധപ്പെടുന്നതെന്തിനാ? സുഖമല്ലേ? സുഖം തീർന്നതായി പ്രഖ്യാപിച്ചിട്ടില്ലെന്നു് കൊച്ചിയിലെ മിഷൻ സായ്പു് അരുളിച്ചെയ്തതും കേട്ടു. പിന്നെയങ്ങിനെയാ സ്റ്റാമ്പും കവറുകളൊക്കെ കിട്ടുന്നതു്. ആറു കാശിന്റെ കാർഡില്ലെങ്കിൽ എട്ടുകാശിന്റെ സ്റ്റാമ്പൊട്ടിക്കണം. അതുമില്ലെങ്കിൽ ഒരു ചക്രത്തിന്റെ. അഞ്ചൽ ഡിപ്പാർട്ടുമെന്റിനതിനൊന്നും വിരോധമില്ല. വെറുതെ ബഹളമുണ്ടാക്കാതെ.

* * *

ബോംബെയിലെ കോൺഗ്രസ് സ്ഥാനാർത്ഥികൾ ഹിന്ദുമഹാസഭയിൽ അഗാധമായ പ്രണയമുള്ള ദേശമുഖും പുനരാലോചന ചെയ്യുന്ന സോഷ്യലിസ്റ്റു് മസാനിയുമാണു്. രണ്ടാമത്തെയാളിന്റെ വന്ദ്യപിതാവു് തന്റെ മകനു വോട്ടു ചെയ്യരുതെന്നും കോൺഗ്രസ്സിനു വോട്ടുചെയ്യണമെന്നും പ്രസംഗിച്ചിരിക്കുന്നു. മിടുക്കൻ ബഹുമിടുക്കൻ. പറഞ്ഞതിന്റെ അർത്ഥം മകൻ നല്ല കോൺഗ്രസ്സുകാരനല്ലെന്നല്ല. പ്രസംഗിച്ചയാൾ വളരെ നിഷ്പക്ഷപാതിയാണെന്നു മാത്രമാണു് സ്വന്തമെന്നും അന്യമെന്നും രണ്ടു് അദ്ദേഹത്തിനില്ല. തിരുവിതാംകൂറിലൊരു ബാങ്കു് തുടങ്ങുക. അദ്ദേഹത്തെ ചെയർമാനായി വിളിക്കുക. അദ്ദേഹം വരും. നിശ്ചയമാണു്. അദ്ദേഹത്തിനു ബോംബെയും തിരുവിതാംകൂറും ഒരുപോലെയാ. സംശയമുണ്ടെങ്കിൽ ഒന്നു വിളിച്ചുനോക്കുക.

* * *

പിന്നെ ഒരു കാര്യം. ഈ പേജിന്റെ പേരുണ്ടല്ലോ. അതു കടം വാങ്ങിയതാ. മോഷ്ടിച്ചതാണെന്നു പറഞ്ഞാലും ശരിയാണു്. അതിനു ബാലന്റെ മുകളിൽ ആരും കുതിര കയറരുതേ. പതിമൂന്നിന്റെ പ്രാധാന്യങ്ങളൊക്കെ പുത്തേഴത്തിനോടു ചോദിച്ചു മനസ്സിലാക്കിക്കൊള്ളുക. ബാലൻ അതെടുത്തതു സായ്പിനു് ആ അക്കത്തോടുള്ള വിരോധംകൊണ്ടാണു്. ഏതായാലും സായ്പിനു് ഈ പേജു നന്നായിവരാൻ നിർവാഹമില്ല.

അൽപം ധൃതിയുണ്ടു്. എന്നാൽ അടുത്ത ആഴ്ച കാണാം. നമസ്കാരം.

ഡിരോഗങ്ങൾ, കരൾ വ്യാധികൾ; നീരു് മുതലായ പല സുഖക്കേടുകളിൽനിന്നും ബഹുശതം രോഗികളെ പാൽ ചികിത്സകൊണ്ടു രക്ഷപ്പെടുത്തിയ റിപ്പോർട്ടുകളും പരസ്യപ്പെടുത്തിയിട്ടുണ്ടു്.

പുതിയ രക്തം സൃഷ്ടിക്കുന്നതിനു വേണ്ട സകല പദാർത്ഥങ്ങളും പാലിൽ അടങ്ങിയിരിക്കുന്നു. പാലിലുള്ള ധാത്വംശങ്ങൾ ജീവശക്തിയുള്ളതും അവയവാംശങ്ങളോടു് നേരിട്ടു യോജിച്ചുചേരുന്നതിനു എളുപ്പമുള്ളതുമാണു്. ക്ഷയിച്ചുപോയിട്ടുള്ള അവയവങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിനും അനാരോഗ്യപരമായ അണുക്കളെ ബഹിഷ്കരിക്കുന്നതിനും പര്യാപ്തമായ സകല ഗുണങ്ങളും പാലിൽ ഉണ്ടു്. വേണ്ടവിധം പാൽ മാത്രം കഴിച്ചാൽ ഒരു ശിശുവിനു സകല അവയവ പൂർത്തിയോടുംകൂടി വളർച്ച പ്രാപിക്കുവാൻ കഴിയും.

പാൽ അംശവിഭജനം ചെയ്തുനോക്കുമ്പോൾ ഏതാണ്ടിപ്രകാരം കാണുന്നു. പാലിൽ 87 ശ.മാ. ജലവും 4 ശ.മാ. കൊഴുപ്പും 4 ശ.മാ. പഞ്ചസാരയും 3.3 ശ.മാ പ്രോട്ടീൻസും 1 ശ.മാ. സിട്രിക്കാസിഡും 7 ശ.മാ. ക്ഷാരാംശവും ഉണ്ടു്. മഗ്നീഷ്യം, കാത്സ്യം, ഫോസ്ഫറസ്, സോഡിയം, ഫ്ലോറിൻ, പൊട്ടാസ്യം, സൽഫർ, ഐയോഡിയം, ഇരുമ്പ് മുതലായവ പാലിൽ അടങ്ങിയിരിക്കുന്നു. തലച്ചോറും ധമനികളും എല്ലും പല്ലും എല്ലാം വളരുവാൻ പാൽ വളരെ സഹായിക്കുന്നു. കൊഴുപ്പു തനിച്ചെടുത്തു ഭക്ഷിക്കുന്നതിനേക്കാൾ പാൽ സ്വാഭാവികാവസ്ഥയിൽ ശരീരത്തിൽ ചേരുകയാണു നല്ലതു്. പാലിൽ കലർന്നിരിക്കുന്ന കൊഴുപ്പു മറ്റു കൊഴുപ്പുസാധനങ്ങളേക്കാൾ വേഗം ദഹിച്ചുചേരും. കറന്നപടിയുള്ള പാലിൽ ജീവശക്തി പൂർണ്ണമായുള്ളതുകൊണ്ടു് അതു ശരീരത്തിന്റെ പ്രാണശക്തിയോടു പരിപൂർണ്ണമായി യോജിക്കുന്നു. പാലിലെ പ്രധാനാംശമായ വെള്ളം കുടലുകളിൽ ഉണ്ടാകുന്ന വറൾച്ച, മലബന്ധം മുതലായവ നീക്കുകയും അടിഞ്ഞുറഞ്ഞു കിടക്കുന്ന വിഷദ്രവ്യങ്ങളെ ഉന്മൂലനം ചെയ്കയും ചെയ്യുന്നു.

ശരീരപോഷണത്തിനു് അത്യന്താപേക്ഷിതമായ വിറ്റാമിൻ A, നാഡികൾക്കു പ്രത്യേകമാവശ്യമായ വിറ്റാമിൻ B, ധാതുലവണങ്ങൾ, ദഹനശോധനാപരമായ മറ്റു് അംശങ്ങൾ ഇവയെല്ലാം പാലിൽ സുലഭമായുള്ളതുകൊണ്ടു് അവയുടെ അഭാവത്തിലുണ്ടാകാവുന്ന സകല അസുഖങ്ങളിൽനിന്നും നമ്മെ വിമുക്തരാക്കുന്നതിനുള്ള പ്രാപ്തി പാലിനുണ്ടു്. രോഗോൽപാദന കാരണമായ അമ്ലത്വത്തെ (Acidity) നീക്കി രക്തത്തിൽ ആരോഗ്യപ്രദമായ ലവണസാരം (Alkoli) വർദ്ധിപ്പിക്കാവുന്നതുമാകുന്നു. ആസിഡ് വിഷങ്ങൾ പാലിൽനിന്നും തിരിയുന്ന വെള്ളത്തിൽ ലയിച്ചു ബഹിഷ്കരിക്കപ്പെടുന്നു. നമ്മുടെ ഉള്ളിലുള്ള പാൽക്കുഴൽ ഗ്രന്ഥിവഴി നേരിട്ടും പാൽ രക്തത്തിൽ ചേരുമെന്നും രസരക്തവും പാലുമായി വളരെ യോജിപ്പുണ്ടെന്നും ഡോ. ബെഗ്കളി, പോൾട്ടർ, ടങ്കൻ മുതലായവർ അഭിപ്രായപ്പെടുന്നു. രക്തത്തിലുള്ള മലിനതകൾ നീക്കി ശുദ്ധീകരിക്കുന്നതിനു പ്രാപ്തമായ അണുക്കൾ അതേപടി പാലിലും ഉള്ളതിനാൽ ക്ഷീരപാനം ചെയ്യുന്നവരിൽ ഈ ജീവാണുക്കൾ സമൃദ്ധിയായി വളരുന്നു. തന്നിമിത്തം ഉപദ്രവകാരികളായ അണുക്കൾ ബഹിഷ്കരിക്കപ്പെടുന്നു. പരിശുദ്ധമായ പാലിലുള്ള ജീവാണുക്കൾ വളരെ ഗുണപ്രദമാണു്. കറന്ന ഉടനെയുള്ള പാലിന്റെ ലവണസാരശക്തി ക്രമത്തിനു പുളിപ്പായി മാറുന്നു. പാലിലുള്ള (Lactive Acid Bacilli) അണുക്കളുടെ പ്രവർത്തനമാണു് ഇതിനു കാരണം. ശുദ്ധമായ പാലിനു 1.027 മുതൽ 1.037 വരെ വിശിഷ്ട ഗുരുത്വം (specific gravity) ഉണ്ടായിരിക്കും. പാൽ കാച്ചി അതിന്റെ സ്വാഭാവികാവസ്ഥയ്ക്കു വ്യത്യാസം വരുത്തിയാൽ അതിനുള്ള പൂർണ്ണഗുണം ലഭിക്കയില്ല. ഒരു മുട്ടയിൽ അടങ്ങിയിരിക്കുന്നിടത്തോളം പോഷകാംശങ്ങൾ നാലു് ഔൺസു പാലിൽ ഉണ്ടു്. പാൽ മാത്രം ആഹാരമാക്കിക്കൊണ്ടു നിഷ്പ്രയാസം ജീവിക്കാൻ സാധിക്കുന്നതാണു്.

മേൽ പ്രസ്താവിച്ച തരത്തിലുള്ള അനർഘഗുണങ്ങൾ അടങ്ങിയ പാലിനെ സാധാരണ ആളുകൾ ഗണ്യമാക്കാത്തതിൽ അത്ഭുതം തോന്നുന്നു. നമ്മുടെ മുഖ്യ ആഹാരം പാലും തൊഴിൽ കന്നുകാലി വളർത്തലും ആയിതീരട്ടെ! ഒരു മനുഷ്യനു് അവന്റെ ആയുസ്സിൽ എത്രമാത്രം പാൽ കുടിക്കാമോ അത്രമാത്രം ആയുസ്സും വർദ്ധിക്കും. ദീർഘായുസ്സിനും ആരോഗ്യത്തിനും പാൽ പറ്റിയ ആഹാരവും ഔഷധവുമാണു്.

ക്ഷീരാംബുധി കടഞ്ഞു ദേവന്മാർ അമൃതു കരസ്ഥമാക്കി. അതു് അവർ കരസ്ഥമാക്കിയതിനാൽ ജരാനരമരണവിമുക്തരായി. അതുപോലെ അനാരോഗ്യരും നിർദ്ധനരും മലമ്പനിബാധിതരും ആയ ആബാലവൃദ്ധം ജനങ്ങൾ ഇന്നത്തെ കട്ടിപ്പാൽ വിതരണംകൊണ്ടു രക്ഷ നേടിയിട്ടുണ്ടു്.

ചെറുകഥ

# "ഇന്റർവ്യൂ"

(സി. പി.)

പ്രിയപ്പെട്ട..............,

പറഞ്ഞിരുന്നതുപോലെ ഞാൻ അവിടെനിന്നു നേരേ കൊല്ലത്തേക്കു തന്നെയാണു് പോയതു്. ബോട്ടിൽ തീരെ തിരക്കുണ്ടായിരുന്നില്ല. ഇക്കാലത്തു കിടന്നുറങ്ങുവാൻ സ്ഥലം കിട്ടിയെന്നു പറഞ്ഞാൽ—അതിലും നല്ല ഒരു ശകുനം എന്താണുണ്ടാകുവാൻ?

സ്ഥലം കിട്ടിയെങ്കിലും ഉറക്കം ശരിയായിട്ടുണ്ടായില്ല—പരീക്ഷപ്പനി!

രാവിലെ എട്ടുമണിയോടുകൂടി കൊല്ലത്തെത്തുമെന്നായിരുന്നു എന്റെ ഉദ്ദേശം. പക്ഷേ അതിലൊക്കെ നേരത്തേ അവിടെയെത്തി—ആറരമണിക്കുതന്നെ. വൈക്കത്തപ്പനെ വിചാരിച്ചുകൊണ്ടു വലത്തുകാൽവെച്ചു്—എന്താ ചിരി വരുന്നുണ്ടോ? ചില സമയത്തു ഭക്തിയുംമറ്റും താനേ വരും—കരയിറങ്ങി. റോഡിൽ കൂടെ പതുക്കെ—

കഥകളെല്ലാം ഒന്നുകൂടി ഞാൻ ആലോചിച്ചുനോക്കി. ഇതുവരെ ആലോചനയിൽ കഴിച്ചു. ഇനിയിപ്പോൾ പ്രവർത്തിയിലേക്കു കടക്കേണ്ടിയിരിക്കുന്നു. അതിന്നു വിഷമങ്ങൾ പലതുണ്ടു്. അദ്ദേഹം ഇവിടെത്തന്നെയുണ്ടായിരിക്കുമോ? ഇതിനിടയ്ക്കു സ്ഥലം മാറ്റമായിപ്പോയെന്നു വന്നുകൂടേ? അഥവാ ഇവിടെയുണ്ടെങ്കിൽതന്നെ എന്നെ കണ്ടാൽ ഓർമ്മിക്കുമോ? മൂന്നുനാലു കൊല്ലമായതല്ലേ? ഓർമ്മിച്ചാൽതന്നെ ഇതിനിടയിൽ അവരുടെ അഭിപ്രായം മാറിപ്പോയെങ്കിലോ?

വല്ലാത്തൊരു അസ്വാസ്ഥ്യം. അസ്വാസ്ഥ്യമെന്നാണോ പറയേണ്ടതു്? അതോ പരിഭ്രമമോ?

വഴിയിൽ കണ്ട ഒരു സ്വാമിയുടെ ഹോട്ടലിൽ കയറി. പല്ലുതേച്ചു മുഖം കഴുകി. ഹോട്ടലിലെ കണ്ണാടിയിൽ നോക്കി തലമുടി വൃത്തിയായി ചീകിവെച്ചു. മോശമല്ല. കുറച്ചു ക്ഷീണം തോന്നുന്നതു് ഉറക്കക്ഷീണമാണു്. പോരെങ്കിൽ കുളിച്ചിട്ടുമില്ലല്ലോ.

ഒരു പാത്രം കാപ്പിവാങ്ങിക്കുടിച്ചു. പേരിനുമാത്രം. ഒന്നുകുടിക്കുവാൻകൂടി വല്ലതും വേണമെന്നു സാധാരണ നിർബന്ധമുള്ളതാണെങ്കിലും വയറ്റിൽ സ്ഥലം ഒഴിച്ചുവെക്കേണ്ടേ?

കാപ്പികുടികഴിഞ്ഞു അവിടെത്തന്നെയിരുന്നു വീണ്ടും ആലോചിച്ചു. ശരി, ഇനിയങ്ങോട്ടു ബലമായിട്ടുതന്നെ ഇറങ്ങി പ്രവർത്തിച്ചുകളയാം. ഹോട്ടൽ സ്വാമിയോടുതന്നെ അന്വേഷിച്ചുകളയാം—

അയാൾ വല്ലതും വിചാരിച്ചെങ്കിലോ? എന്തു വിചാരിക്കാനാണു്? വെറുതേ പഴയ പരിചയക്കാരു വല്ലവരുമാണെന്നേ വിചാരിക്കൂ. അല്ലാതെ ഒരാളിനെ കാണാൻ വരുന്നവരെല്ലാം കല്യാണാലോചനക്കാരാണെന്നു വല്ലവരും വിചാരിക്കാറുണ്ടോ? എന്തൊരു മറയനാണു ഞാൻ?

എന്നിട്ടും ഒരു ഭയം. കുറേനേരംകൂടി അവിടെയിരുന്നു. അവസാനം ധൈര്യമായിട്ടെഴീച്ചു സ്വാമിയുടെ അടുത്തുചെന്നു കാപ്പിയുടെ കാശുകൊടുത്തു ബാക്കിവാങ്ങുന്നതിനിടയിൽ തട്ടി—

"ഇപ്പഴിവിടെയാരാ മുനിസിപ്പു്?"

ചോദിച്ചുകഴിഞ്ഞപ്പോഴെനിക്കൊരു വല്ലായ്മ. ഛേ, ചോദിക്കേണ്ടായിരുന്നു.

സ്വാമി ഒരു നാലണത്തുട്ടു തപ്പുന്നതിനിടയിൽ മുഖം ഉയർത്താതെ പറഞ്ഞു "കൃഷ്ണയ്യർ"

"ഗോവിന്ദമേനോൻ?"

"ഉണ്ടുണ്ടു്. ഗോവിന്ദമേനോൻ അഡ്വിഷണൽ മുനസിപ്പ്—ഇതാ ഇവിടെയാണു താമസം. ഈ റോഡിൽകൂടി അങ്ങോട്ടുചെന്നു ഇടത്തോട്ടുതിരിഞ്ഞു്—കഷ്ടിച്ചു് രണ്ടു ഫർലാങ്ങേയുള്ളൂ.

ശനിയൻ! എനിക്കു മുനിസിപ്പിന്റെ വീട്ടിൽ പോയിട്ടെന്താ കാര്യം. ഞാൻ പുതുതായിട്ടു സ്ഥലംമാറിവന്ന ക്ലാർക്കാണെന്നയാൾക്കു വിചാരിക്കായിരുന്നില്ലേ? കേസ്സുള്ള കക്ഷിയാണെന്നു വിചാരിക്കായിരുന്നില്ലേ?

എന്തായാലും തേടിയവള്ളി കാലിൽച്ചുറ്റി. ഞാൻ ഒന്നുകൂടി കണ്ണാടിയിൽനോക്കി തൃപ്തിവരുത്തിയിട്ടു വെളിയിലിറങ്ങി സ്വാമി പറഞ്ഞ വഴിയേ നടന്നു.

ഇത്രയും ശകുനം നല്ലതുതന്നെ. പണ്ടേതന്നെ ഞാനൊരു ശകുനവാദിയാണെന്നറിയില്ലേ?

ഈ വഴിയിലാണല്ലേ? ശരി, ഒന്നുകൂടി ചോദിച്ചുകളയാം. ഈ മനുഷ്യനോടു ചോദിക്കാം.

അതേ ഇതുതന്നെ, ആ കാണുന്ന പടിപ്പുര

തുടിക്കുന്ന ഹൃദയത്തോടെ ഞാൻ മുന്നോട്ടു നടന്നു.

പത്തമ്പതു പരീക്ഷകൾ നമ്മൾ കണ്ടതല്ലേ? ഒന്നുരണ്ടു ഇൻറർവ്യൂകളും. എന്നിട്ടും ഇങ്ങനെയൊരു പരിഭ്രമം ആ സമയത്തൊന്നും ഉണ്ടായിട്ടില്ല. ചോദ്യക്കടലാസു കിട്ടാറാകുമ്പോൾ വയറൊന്നു കത്തും. എന്നാലും തോൽക്കുകയില്ലെന്നു ഒരു സമാധാനം കാണും. ഇൻറർവ്യൂവിനു പോയപ്പോഴെല്ലാം "കിട്ടിയാൽ നന്നു്, ഇല്ലെങ്കിൽ പോകട്ടെ" എന്നേയുണ്ടായിരുന്നുള്ളൂ. അതല്ലേ ഐ എ എഫിൽ ചേരുവാൻ പോയപ്പോൾ തക്കുത്തരം പറയുവാൻ തോന്നിയതു്?

ഇവിടെ ആ ധൈര്യമൊന്നുമില്ല. ജയിക്കണം. പക്ഷെ ജയിക്കുവാനെന്തു ശതമാനം മാർക്കാണു വേണ്ടതെന്നറിവില്ല. അവരുടെ പരീക്ഷയുടെ സ്റ്റാൻറാർഡു തന്നെ എന്താണെന്നറിവില്ല. പണമോ, സൈസ്സലോ, സാമർത്ഥ്യമോ, യോഗ്യതയോ ആർക്കറിയാം.

ഇതാണു വീടു്. ശരി, ഒന്നുകൂടെ ചോദിക്കുന്നതിൽ ദോഷമില്ല.

"മുനിസിപ്പൽ ഗോവിന്ദമേനോനദ്ദ്യം താമസിക്കുന്നതെവിടെയാ?"

"ഇതാ ഇതാണു്."

"ആ കഷണ്ടിയായിട്ടല്ലേ?"

"അതേ."

ആളു തെറ്റിപ്പോകാതിരിക്കുവാനൊരു മുൻകരുതലായിട്ടു ചോദിച്ചതാണീച്ചോദ്യം. രണ്ടു മുനിസിപ്പന്മാരുണ്ടായിക്കൂടാ എന്നില്ലല്ലോ ഈ പേരായിട്ടു്.

ഇതിനിടയിൽ ഞാൻ പടിപ്പുര കടന്നു പോയിരിക്കുന്നു. തിരിച്ചു നടന്നു. പടിപ്പുരയുടെ ഗേറ്റു തുറന്നിട്ടില്ല. ഉള്ളിൽ വാതിൽ തുറന്നിട്ടുണ്ടു്. ആരെയും വെളിയിൽ കാണാനില്ല. അതാ ആ മുറിയിലാരാ?

ഞാൻ നാണിച്ചു തല തിരിച്ചു നടന്നുകളഞ്ഞു. വീണ്ടും തിരിഞ്ഞു. മണി എട്ടാകാൻ പോകുന്നു. ഇനി പരീക്ഷാഹാളിലേക്കു കടക്കുകതന്നെ. ധൈര്യം അവലംബിച്ചു ഞാൻ പടിക്കലേക്കു ചെന്നു. ഒന്നറച്ചു ഗേറ്റു തള്ളിനോക്കി. അകത്തുനിന്നു കുറ്റിയിട്ടിരിക്കുകയാണു്.

എന്തൊരു നാണക്കേടു്! ഞാൻ വീണ്ടും റോഡിലേക്കിറങ്ങി നടന്നു. വിളിച്ചാലോ? അതു ഭംഗിയാവില്ല. പ്രത്യേകിച്ചും ആദ്യമായിട്ടു ചെല്ലുമ്പോൾ. വീണ്ടും ഇങ്ങോട്ടു തിരിഞ്ഞു. അതാ ഒരാൾ ഗേറ്റിന്റെ കുറ്റി തുറന്നു. അഴികൾ വളരെ അടുത്തായതുകൊണ്ടു് ആൾ മനസ്സിലായില്ല. ഏതായാലും നമ്മൾ ജയിച്ചു. ഞാൻ അങ്ങോട്ടു ചെന്നു. ഗേറ്റു തള്ളിത്തുറന്നു. ഗേറ്റു തുറക്കുന്ന ശബ്ദം കേട്ടദ്ദേഹം തിരിഞ്ഞു. അദ്ദേഹം തന്നെ!

"ഏ്? എന്തു വേണം?"

"എന്നെ മനസ്സിലായില്ലായിരിക്കും." ഞാൻ വളരെ മധുരമായി ചോദിച്ചു.

ഒരു നിമിഷം സംശയിച്ചിട്ടദ്ദേഹം:—

"ഓ! ശങ്കരമേനോന്റെ അനിയനല്ലേ? ശരി ശരി, കണ്ടിട്ടു തീരെ മനസ്സിലായില്ല. ആളു് ആകപ്പാടെ മാറിപ്പോയിരിക്കുന്നു. വരണം വരണം."

വീട്ടിനുള്ളിലേക്കു— പുണ്യക്ഷേത്രത്തിലേക്കു കടന്നു.

"ഇരിക്കൂ. നല്ല കാര്യം. തീരെ വിചാരിച്ചില്ല. പോരെങ്കിൽ കണ്ടിട്ടും വളരെ നാളായില്ലേ?"

"ഉവ്വു്, നാലു കൊല്ലമായി."

അല്ലാ, സൂക്ഷിക്കണം. പരീക്ഷണഘട്ടമാണിതു്. നമ്മുടെ ഇരിപ്പു്, ഭാവം, നോട്ടം, ചിരി, വർത്തമാനരീതി, നമ്മൾ പറയുന്നതു്, പറയാത്തതു് ഇതിനെല്ലാം ഇവിടെ വില കല്പിക്കുന്നുണ്ടാവും. പരീക്ഷകന്മാരെ ഞാൻ കാണുന്നതന്നെയുണ്ടാവില്ല. നമ്മളറിയാത്ത ചെവികൾ, നമ്മളറിയാത്ത കണ്ണുകൾ നമ്മളെ സൂക്ഷിക്കുന്നുണ്ടാവും. ഇതൊക്കെ കരുതിത്തന്നെ നമ്മുടെ പുറപ്പാടു്. എന്നാലും അബദ്ധം പറയുവാനെളുപ്പമാണു്.

എന്നിട്ടിപ്പോഴെവിടുന്നാണു വരുന്നതു്? അവിടെ എന്തിനു പോയി? ഈ ചോദ്യം അർത്ഥം വെച്ചാണെന്നു് എനിക്കു തോന്നാതിരുന്നില്ല. അവധിയിൽ വന്നിട്ടെത്ര നാളായി? വീട്ടിലെല്ലാവർക്കും സുഖമല്ലേ? അങ്ങിനെ അങ്ങിനെ...

കുറച്ചു കഴിഞ്ഞദ്ദേഹം എഴീച്ചു് അകത്തേക്കു കടന്നു. ഒരു വിഷയത്തിൽ പാസായ സന്തോഷത്തോടെ എന്റെ ദൃഷ്ടികളും അദ്ദേഹത്തെ പിന്തുടർന്നു. അന്നു പറഞ്ഞതുപോലെ വല്ല കണ്ണോ കയ്യോ വാതിലിന്റെയോ ജനലിന്റെയോ ഇടയിലോ മറവിലോ ഉണ്ടോ എന്നറിയാൻ. ഒന്നുമില്ല. എന്താണു് "അമ്മ" ഇങ്ങോട്ടെങ്ങും വരാത്തതു്? സാധാരണ ഇങ്ങനെയല്ലല്ലോ പതിവു്. ഒരുപക്ഷേ ഞാൻ വന്നതു് അറിഞ്ഞിട്ടില്ലെന്നുവരാം.

അദ്ദേഹം തിരിച്ചു വരുമ്പോൾ ഞാൻ നിർദ്ദോഷിയെപ്പോലെ വെളിയിൽ കെട്ടിയിരിക്കു

ന്ന പശുവിനെയും കിടാവിനെയും കണ്ടുകൊണ്ടിരിക്കുകയാണു്.

"ഞാനും എന്റെ ഇളയമകനും മാത്രമേ ഇവിടെയുള്ളൂ.—ഈശ്വരാ!—അവരമ്മേം മകളും കൂടെ വീട്ടിൽ പോയിരിക്കുകയാണു്. ഇന്നലെ കാലത്തു പോയതാണു്. നാളേ വരികയുള്ളൂ.

കഷ്ടം! നമ്മുടെ നിർഭാഗ്യംതന്നെ. എനിക്കു് ഒരു ദിവസം മുമ്പേ അല്ലെങ്കിൽ ഒരു ദിവസം കഴിഞ്ഞിട്ടു വരാമായിരുന്നില്ലേ? അല്ലെങ്കിൽ അവർക്കു ഒരു ദിവസം അങ്ങോട്ടോ ഇങ്ങോട്ടോ മാറി പോകാമായിരുന്നില്ലേ? തലയിലെഴുത്തെന്നല്ലാതെ എന്താ പറയുക? കാണാൻ പാടില്ല? ഇത്ര കൊതിച്ചു വന്നിട്ടു്—സാരമില്ല—ഇന്നല്ലെങ്കിൽ നാളെ. എന്നാലും ഇതു ഞാൻ തീരെ ഉദ്ദേശിച്ചിരുന്നതല്ല.

"അമ്മയും മകളും"—ഉം— മനസ്സിലാകിയിരിക്കുന്നു. ആളു മോശമല്ല അല്ലെങ്കിൽ എന്തിനാണു് മകളെന്നു എടുത്തുപറഞ്ഞതു്? നമ്മൾ മകളെ കാണാനൊന്നും വന്നതല്ലേ? പരമഹംസനാണേ!

അദ്ദേഹത്തിന്റെ ചോദ്യങ്ങളും അന്വേഷണങ്ങളും മുറയ്ക്കു നടക്കുന്നു. ഇപ്പോൾ ജോലി എവിടെയാണു്? ഇവിടെയടുത്തെവിടെയെങ്കിലും വരാനൊക്കുമോ? ജോലിയുടെ രീതിയെന്താണു്. ശമ്പളമെത്രയുണ്ടു്. ഇതുവളരെ ദൂരത്തുപോയ സ്ഥിതിക്കു് അതു കിട്ടിയാൽ മതിയൊ?

അതാ വന്നു. ഇതാണു് ഞാൻ ഏറ്റവും ഭയപ്പെട്ടിരുന്ന ചോദ്യം. വിദേശങ്ങളിൽ പോയാൽ ആനത്തലയോളം പൊന്നു കിട്ടുമെന്നാണു് നാട്ടിലിരിക്കുന്നവരുടെ വിചാരം. അതില്ലെങ്കിലവർക്കു നിരാശയാവും. സാരമില്ല ഞാൻ വളരെ ബുദ്ധിമുട്ടി പഠിച്ചിരുന്ന ചോദ്യം തന്നെയാണിതു് വില കൂടുതൽ, കുടുംബച്ചെലവു്, ജീവിതത്തോതു് എന്നീ വകുപ്പുകളിലായി തയ്യാറാക്കിയിരുന്ന എന്റെ പ്രബന്ധം അദ്ദേഹത്തിന്റെ സകലസംശയങ്ങളുംദൂരീകരിച്ചിരിക്കണം. നമ്മുടെ വാക്പാടവവും ഒന്നു കാട്ടിക്കൊടുക്കണ്ടേ.

അവിടെ ഭക്ഷണരീതി എങ്ങിനെയാണു്!—(പോന്നേ, അതൊന്നും ആലോചിച്ചു തല പുണ്ണാക്കേണ്ട, ഞാൻ കൊണ്ടുപോയി പട്ടിണി ഇടുകയും മറ്റുമില്ല ഇവിടെകഴിയുന്നപോലെയുള്ള ഭക്ഷണങ്ങളെല്ലാം ഉണ്ടാക്കിക്കൊടുത്തുകൊള്ളാം.)

അല്ല, അദ്ദേഹത്തിന്റെ കുറ്റവുമല്ലേ. അതെല്ലാം അന്വേഷിക്കേണ്ടതല്ലേ? ഒരു കാര്യത്തിന്നു പുറപ്പെടുന്നതിനു മുമ്പ് എല്ലാ വശങ്ങളും കണ്ടിരിക്കേണ്ടേ?

"അപ്പോൾ പല്ലുതേയും മറ്റും കഴിഞ്ഞിട്ടില്ലായിരിക്കും?"

"ഇല്ല" എന്തിനാണാവോ ഞാനിനി കള്ളം പറഞ്ഞതു്?

"എന്നാലാവട്ടെ. വരൂ!"

അദ്ദേഹം അകത്തേക്കു കടന്നു. പുറകെ ഞാനും. ചുറ്റുമൊന്നു കണ്ണോടിച്ചുനോക്കി. നല്ല ഒരു ഐശ്വര്യം! അസൂയപ്പെടേണ്ട. കുറച്ചു കഴിഞ്ഞാൽ നമുക്കും—

ഉമിക്കരിക്കു നല്ല സ്വാദു് വെള്ളത്തിന്നു നല്ല മധുരം. നിലത്തിനു നല്ല കുളിർമ. പാത്രങ്ങൾക്കൊരു പ്രകാശം വേറെ—മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമില്ലേ?

അതൊക്കെക്കഴിച്ചു.

"എന്നാൽ കാപ്പികുടിക്കാം".

അദ്ദേഹവും വന്നു. "അവരാരും ഇവിടെ ഇല്ലല്ലോ. എനിക്കു രാവിലെ കാപ്പിക്കൊന്നും വേണമെന്നില്ല. അതാണിത്ര വൈകിയതിൽ. പിന്നെ എന്താ ഇതെന്തുവെച്ചാൽ വേണ്ടിടത്തോളം കഴിക്കാം. എനിക്കു് ഒരു മൂന്നാലു പാത്രം കാപ്പി കുടിക്കണമെന്നേയുള്ളു അങ്ങോട്ടൊക്കെ എങ്ങനെയാ കാപ്പി, കാപ്പി കിട്ടുമോ?

ഓ അല്ല, മടിയൊന്നും വിചാരിക്കാനില്ല. കുറേ കൂടി കുടിക്കാൻ. ഇതിപ്പോൾ സ്വന്തംവീടാണെന്നു വിചാരിച്ചോണ്ടാൽ മതി. (അതേ നമുക്കും ആശയുള്ളതല്ലോ. ഞാനൊന്നു പുളച്ചു.) ഞാനും ശങ്കരമേനോനായിട്ടങ്ങനെയാണു്. അവരു കൂടക്കൂടെ ഇതിലെ വരാറുണ്ടു്. ചേട്ടനും ചേച്ചിയും കല്യാണത്തിനു വന്നിരുന്നു....

കല്യാണത്തിനോ! ഏതു കല്യാണം? ഏതു കല്യാണം! അങ്ങനെ വരുമോ? വേറെ ആരുമല്ലല്ലോ കല്യാണംകഴിക്കുവാൻ പ്രായമായിട്ടു്.

സംഗതികൾ കുറേശ്ശയായിട്ടു നമുക്കു മനസ്സിലായിത്തുടങ്ങി.

ഇനിയങ്ങോട്ടെഴുതിയിട്ടെന്താ കാര്യം?

പിന്നീടും കുറേനേരം കൂടെ ഇരുന്നു സംസാരിച്ചിട്ടേ ഞാനിറങ്ങിയുള്ളു.

എന്താ അനിയാ, നല്ല ശകുനം കണ്ടിട്ടിങ്ങനെയാണു് പറ്റിയതു്.........

ശേഷം പിന്നാലെ,

സ്വന്തം.

ശാസ്ത്രപംക്തി

# നാവികയുദ്ധം

(പി. കെ. കുരുവിള ബി. എ)

വള്ളംകളി നടക്കുന്ന സ്ഥലങ്ങളിലെങ്ങാനും രണ്ടു വള്ളക്കാർ തമ്മിൽ മത്സരമുണ്ടായി നൈപുണ്യംകൊണ്ടും പങ്കായംകൊണ്ടും തല്ലുകൂടിക്കുന്നതല്ലാതെ ഒരു നാവികസംഘട്ടനം വിഭാവനം ചെയ്യുവാൻ നമ്മിൽ പലർക്കും സാധിക്കയില്ല. എന്നാൽ ട്രോജൻയുദ്ധം മുതൽ മെഡിറ്ററേനിയൻ കടലിലും സമീപപ്രദേശങ്ങളിലും ഗംഭീരമായ തോതിൽ നാവികപ്രവർത്തനവും നാവികയുദ്ധവും നടന്നുകൊണ്ടാണിരിക്കുന്നതു്. ആർമേഡാ കാലത്തിനു ശേഷം ബ്രിട്ടീഷ്കാർ നാവികബലം പടിപടിയായി ഉയർത്തിക്കൊണ്ടുവരികയും 19—ാംനൂററാണ്ടിൽ അതു മുഖ്യമായിത്തീരുകയും ചെയ്തു. ഈ അടുത്തകാലത്തു വിമാനബലവും വിമാനയുദ്ധവും സർവപ്രധാനമായിത്തീരുന്നതുവരെ ഒരു മഹാശക്തിയുടെ ബലം മുഖ്യമായി ആശ്രയിച്ചിരുന്നതു് നാവികശക്തിയിലായിരുന്നു. അതുകൊണ്ടാണു് "ബ്രിട്ടാനിയാ തിരമാലകളെ ഭരിക്കുന്നു" എന്നു പറയുന്നതുതന്നെ.

നാവികയുദ്ധത്തിന്റെ വിഭിന്നമായ സാങ്കേതികവശങ്ങളെപ്പററി പ്രതിപാദിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഏററവും നവീനരീതിയിലുള്ള നാവികസന്നാഹങ്ങളിൽ പെടുന്ന പലമാതിരി യാനപാത്രങ്ങളെപ്പററി ഹ്രസ്വമായ ഒരു വിവരണം നൽകുവാൻ മാത്രമേ ഇവിടെ ശ്രമമുള്ളൂ.

1 മോട്ടർ ടോർപിഡോ ബോട്ട്. (എം ററി ബി അഥവാ എം ററി ബോട്ടുകൾ) ഏതാണ്ടു് നൂറടി നീളവും, പത്തു പന്ത്രണ്ടാളുകൾ കയറിയിരിക്കുന്നതും, മണിക്കൂറിൽ അമ്പതു മൈലിലധികം വേഗത്തിൽ സഞ്ചരിക്കുന്നതുമായ ഒരു ലഘുയാനപാത്രമാണു് മോട്ടർ ടോർപിഡോ ബോട്ടു്.

ഒരു നാവിക വ്യൂഹത്തിൽ (Fleet) ബൃഹത്തായ ബാററിൽഷിപ്പുമുതൽ മോട്ടർ ടോർപ്പിഡോ ബോട്ടുവരെ പലവലിപ്പത്തിലും ഇനത്തിലുമുള്ള പലമാതിരി കപ്പലുകൾ കാണും. എം ടി ബോട്ടുകൾ, നശീകരണക്കപ്പലുകൾക്കു പുറമേയായി—തള്ള ചെറുമീനിന്റെ ചുററിലും പാർപ്പുകൾ പോലെ—അങ്ങനെ കറങ്ങിനടക്കും. ഇതിൽ രണ്ടുവശങ്ങളിലുമായി രണ്ടു ടോർപ്പിഡോകൾ, റേഡിയോസെററു്, മുങ്ങിക്കപ്പലുകളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിനുള്ള സബ്മെറൈൻ ഡിറെക്ടർ എന്നിങ്ങനെ ഏററവും നവീനരീതിയിലുള്ള യന്ത്രവിധാനങ്ങൾ ഘടിപ്പിച്ചിട്ടുണ്ടായിരിക്കും. സാധാരണയായി ഒരു നാവികവ്യൂഹം മുൻപോട്ടു നീങ്ങുന്നതു്, മുകളിൽ പറക്കുന്ന വിമാനങ്ങളുടെ അകമ്പടിയോടുകൂടിയായിരിക്കും.

ഒററതിരിഞ്ഞു നടക്കുന്ന ശത്രുക്കപ്പലുകളെ അകലെയങ്ങാനും കണ്ടാലുടനെ വിമാനങ്ങൾ നാവികവ്യൂഹത്തിനു അറിവു കൊടുക്കുന്നു. രണ്ടോ മൂന്നോ എം ടി ബോട്ടുകൾ മിന്നൽവേഗത്തിൽ മുന്നോട്ടു പായുകയും ശത്രുക്കപ്പലിനോടു സമീപിച്ചു് ടോർപ്പിഡോ വിട്ടശേഷം ഉളി ചാണ്ടുന്നതുപോലെ തിരിച്ചുപോകയും ചെയ്യുന്നു. ജലത്തിന്റെ ഉപരിതലത്തിൽനിന്നു അധികം പൊക്കമില്ലാത്തതുകൊണ്ടും വളരെ വേഗത്തിൽ വളഞ്ഞുപുളഞ്ഞു സഞ്ചരിക്കാൻ സാധിക്കുന്നതുകൊണ്ടും ഇവയെ ലക്ഷ്യമാക്കി വെടിവെയ്ക്കുവാൻ സാധിക്കയില്ല. (പററമായി നടക്കുന്ന കാട്ടാനകളെക്കാൾ അധികം ഭയപ്പെടേണ്ടതു് ഒററതിരിഞ്ഞു നടക്കുന്ന കൊമ്പന്മാരെ—ഒററയാന്മാരെയാണല്ലോ. ശത്രുക്കപ്പലുകൾ ചിലപ്പോൾ ഇങ്ങനെ ഒററതിരിഞ്ഞു നടന്നു വലിയ ശല്യം ചെയ്യുന്നതാണു്. ഇങ്ങനെ നടക്കുന്ന കപ്പലുകളെ (Raiders) ഒററയാന്മാർ എന്നു പറയരുതോ?) സമുദ്രത്തിൽ തകർന്നുവീണ വിമാനങ്ങളിലെയും, മുങ്ങിപ്പോയ കപ്പലുകളിലെയും ആളുകളെ രക്ഷപ്പെടുത്തുന്നതിനും എം ടി ബോട്ടുകൾ വളരെ പ്രയോജനപ്പെടാറുണ്ടു്. മുങ്ങിക്കപ്പലുകൾ അടുത്തെവിടെയെങ്കിലും ഉണ്ടെങ്കിൽ, സബ്മെറൈൻ ഡിറെക്ടർ യന്ത്രം മുഖേന ആ വസ്തുത ഗ്രഹിക്കുന്നു. ഉടനെതന്നെ, അതിനടുത്തു ചെന്നു ഡെപ്തുചാർജ്ജ് എന്ന നശീകരണസാധനം കടലിലേക്കു വലിച്ചെറിയുന്നു. ഒരു വലിയ വീപ്പയോളമുള്ള ഈ സാധനം കടലിൽ വീണാലുടനെ അതിഭയങ്കരമായ ശക്തിയോടെ പൊട്ടിത്തെറിക്കുകയും തൽഫലമായുണ്ടാകുന്ന സമ്മർദ്ദപ്രതിസമ്മർദ്ദത്തിന്റെ ഗംഭീരമായ ആഘാതമേററു സബ്മെറൈനു് കേടുപാററി അതു്

നിശ്ശേഷമാക്കിത്തീർക്കുകയും ചെയ്യുന്നു. ആറുകളിലും തോടുകളിലും ഗംഭീരമായ ചലനമുണ്ടാക്കി മത്സ്യം പിടിക്കുന്നതിനു തോട്ടായിടുന്ന പതിവുണ്ടല്ലോ. ഡെപ്ത് ചാർജ്ജ് എന്ന നശീകരണായുധത്തെ വലിയ വലിയ ഒരു "തോട്ട"യായി പരിഗണിച്ചാൽമതിയാകും.

2 ആക്സിലറി കപ്പലുകൾ (സഹായക്കപ്പലുകൾ) മുന്നൂറോ നാന്നൂറോ ടൺ കേവുപാടുള്ളതും മുപ്പതോ നാല്പതോ നാവികന്മാർ കയറിയിട്ടുള്ളതുമായ വളരെ ചെറിയ ഇനം കപ്പലുകളെയാണു് ആക്സിലറിക്കപ്പലുകൾ എന്നു വിളിക്കുന്നതു്. ഇവ സാധാരണയായി ആവിക്കപ്പലുകളായിരിക്കും. മൈൻ വാരുക, തുറമുഖങ്ങളുടെ പരിസരങ്ങളിൽ റോന്തു ചുററുക മുതലായവയാണു് ഇവയുടെ പ്രവർത്തികൾ. പന്ത്രണ്ടേറാത്തൽ ഭാരമുള്ള വെടിയുണ്ടകൾ അയ്ക്കാൻ കഴിയുന്ന തോക്കുകൾ ഇവയിൽ ഘടിപ്പിച്ചിട്ടുണ്ടായിരിക്കാം.

3 ട്രോളർ. സഹായകക്കപ്പലുകളേക്കാൾ കുറെക്കൂടി വലിയവയാണു് ട്രോളറുകൾ. മൈൻ വാരുക, കപ്പലുകൾ പററം ചേർന്നുപോകുന്ന കോൺവോയികൾക്കു അകമ്പടി സേവിക്കുക, കച്ചവടക്കപ്പലുകളെ ശത്രുബാധയിൽ നിന്നു രക്ഷപ്പെടുത്തുന്നതിനായി അവയുടെ കൂടെ പോകുക, എന്നിങ്ങനെയുള്ള പണികളാണു് ട്രോളർ നിർവ്വഹിക്കുവാനുള്ളതു്. ജലനിരപ്പിൽ നിന്നു് നാലോ അഞ്ചോ അടിയേ ഉയരമുള്ളുവെങ്കിലും, കീഴോട്ടു് പന്ത്രണ്ടോ പതിമ്മൂന്നോ അടിവരെ താണുകിടക്കും. ആവിക്കപ്പലായതുകൊണ്ടു്, ട്രോളറിൽ ഏകദേശം നൂറു നാവികന്മാരുണ്ടായിരിക്കും (ആവിക്കപ്പലുകൾ നടത്തുന്നതിനു്, മോട്ടാർ കപ്പലുകളെക്കാൾ കൂടുതൽ നാവികന്മാരുടെ ആവശ്യമുണ്ടു്) ഇവയിലും, സബ്മറൈൻ ഡിറക്ടർ പന്ത്രണ്ടുറാത്തൽ ഉണ്ട പായിക്കുന്ന തോക്കുകൾ മുതലായ എല്ലാസജ്ജീകരണങ്ങളും ഉണ്ടായിരിക്കും.

4. കോർവററു് എഴുന്നൂറോ എണ്ണൂറോ ടൺ കേവുപാടുള്ളതും, കോൺവോയികളെയും കച്ചവടക്കപ്പലുകളെയും അകമ്പടി സേവിക്കുക മൈൻ വാരുക മുതലായവയ്ക്കു പയോഗിക്കുന്നവയുമാണു് കോർവററു് എന്ന ഇനത്തിൽ പെട്ട കപ്പലുകൾ. കോർവററുകൾ സാധാരണയായി മോട്ടാർ കപ്പലുകളായിരിക്കും. എന്നിരുന്നാലും ഏതാണ്ടു 150-ഓളം നാവികർ ഒരു കോർവററിലുണ്ടായിരിക്കും. നാലിഞ്ചു വ്യാസമുള്ള വെടിയുണ്ടകൾ അയയ്ക്കുവാൻ സമർത്ഥമായ യന്ത്രത്തോക്കുകൾ (4 ഇഞ്ചു തോക്കുകൾ) ഇവയിൽ സജ്ജീകരിച്ചിട്ടുണ്ടു്.

5. സ്ളൂപ്പുകൾ. കോർവററിനേക്കാൾ കുറേക്കൂടി വലിയവയാണു് സ്ളൂപ്പ് ഇനത്തിൽ പെട്ട കപ്പലുകൾ അകമ്പടി സേവിക്കുന്നതിനും, വേണ്ടിവന്നാൽ നാവിക യുദ്ധത്തിൽ പങ്കെടുക്കുന്നതിനും ശേഷിയുള്ള സ്ളൂപ്പുകൾക്കു് 800 മുതൽ 1000 ടൺ വരെ കേവുപാടുണ്ടായിരിക്കും. മൂന്നോ നാലോ യന്ത്രത്തോക്കുകൾ ഘടിപ്പിച്ചിട്ടുള്ളതുകൊണ്ടാണു് ഇവയ്ക്കു യുദ്ധത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നതു്. സബ്മറൈൻ ഡിറക്ടർ, ഡെപ്ത് ചാർജ്ജ്, ടോർപിഡോ, വിമാനവേധത്തോക്കുകൾ ഇവയ്ക്കു പുറമേ R. D. F. Radio Direction Finder (റേഡിയോ ഡയറക്ഷൻ ഫൈൻഡർ) എന്ന അത്ഭുതകരമായ ഒരു യന്ത്രവിശേഷം ഇതിൽ ഘടിപ്പിച്ചിട്ടുണ്ടു്. ഈ യന്ത്രവിശേഷം ഉപയോഗിച്ചു് ശത്രു വിമാനങ്ങൾ അടുത്തെവിടെയെങ്കിലുമുണ്ടോ എന്നു കണ്ടുപിടിക്കുന്നു. അങ്ങനെ ശത്രുവിമാനം കണ്ടുപിടിച്ചാലുടനെ, കപ്പലിൽ നിന്നു് വൈദ്യുത കാന്തവീചികൾ (ഇലക്ട്രോമാഗ്നെട്ടിക് വേവ്) ശത്രുവിമാനത്തിലേക്കയയ്ക്കുന്നു. ഈ വീചികൾ വിമാനത്തിൽ തട്ടി പ്രതിഫലനം ചെയ്യുന്നതിനനുസരിച്ചു്, കപ്പലിലെ വിമാന വേധനത്തോക്കുകൾ സ്വയം പ്രവർത്തനം ആരംഭിക്കുകയും ലക്ഷ്യംനോക്കി വെടിവയ്ക്കുകയും ചെയ്യുന്നു.

6, ഡിസ്ട്രോയർ (നശീകരണക്കപ്പലുകൾ) നാവിക സന്നാഹത്തിലെ ഏററവും പ്രധാനപ്പെട്ട മാതൃകകളിൽ ഒന്നാണു് നശീകരണക്കപ്പലുകൾ. രണ്ടായിരമോ മൂവായിരമോ കേവു പാടുകാണും. ഏതാണ്ടു മുപ്പത്തഞ്ചു മൈൽ വേഗത്തിൽ സഞ്ചരിക്കാൻ സാധിക്കുന്ന നശീകരണക്കപ്പലിൽ ആറു് 4.5 ഇഞ്ചു തോക്കുകൾ കാണും. ഒരു നാവിക യുദ്ധത്തിന്റെ മുഖ്യഭാഗം നിർവ്വഹിക്കുന്നതു് ഈ ഇനം കപ്പലുകളാണു്. ശത്രുവ്യൂഹത്തെ കണ്ടാലുടനെ നശീകരണക്കപ്പലുകൾ ആദ്യമായി മുമ്പോട്ടു പാഞ്ഞു് ശത്രുക്കപ്പലുകളുടെ നേരെ വെടിവയ്ക്കുകയും അവയുടെ ചുണതീർത്തശേഷം പുറകോട്ടു വലിയുകയും ചെയ്യുന്നു. ഗംഭീരമായ യുദ്ധക്കപ്പലുകളെ (Battle-Ships) അകമ്പടി സേവിക്കുന്നതിനും ഇവയെ ഉപയോഗപ്പെടുത്താറുണ്ടു്. അതിവേഗത്തിൽ മുമ്പോട്ടോ പുറകോട്ടോ പായുന്നതിനും, പെട്ടെന്നു് വെട്ടിത്തിരിയുന്നതിനും ലഘുസാദ്ധ്യമായ വിധത്തിലാണു് ഇവയുടെ നിർമ്മാണം. ഇരുനൂറു മുതൽ മുന്നൂറുവരെ നാവികന്മാർ ഒരു

# റഷ്യ[illegible]മതവും

(കാന്റർബറി ഡീൻ. വിവ[illegible]കൻ എ. മാധവൻ)

നമ്മുടെ ഗുരുവും പിതാവുമായ യേശുക്രിസ്തു ഇതിനെപ്പററി പറയുമായിരുന്നു: "അതു കേമമായ ഒരു സംഗതിയാണു്. ഇതു് ഞാൻ രോഗികളുടെ ദീനം മാററിയതിനേയും ബന്ധിതരെ മോചിപ്പിച്ചതിനേയും പിന്തുടരുകയാണു്. സ്ത്രീയെ വെറും പണിയുടെ ബന്ധനത്തിൽ നിന്നു മോചിപ്പിക്കുന്നതും അതു തന്നെയാണു്." ശാസ്ത്രജ്ഞൻ ഒരു ക്രിസ്തുമതാനുസാരിയെപ്പോലെയാണു് പെരുമാറുന്നതു്; ഈശ്വരന്റെ ലോകത്തെ മനസ്സിലാക്കാനാണു് അവർ ശ്രമിക്കുന്നതു്. സ്വയം എന്തു തന്നെ പേരിട്ടുകൊള്ളട്ടെ. ഈശ്വരനെ മനസ്സിലാക്കാൻ ആദ്യം വേണ്ടതു് ഈശ്വരൻ നിർമ്മിച്ച ലോകത്തെ മനസ്സിലാക്കുകയാണു്; അദ്ദേഹം നിർമ്മിച്ച സാധനങ്ങളെ മനസ്സിലാക്കുകയാണു് അദ്ദേഹം അവയെ എങ്ങിനെ നിർമ്മിച്ചുവെന്നു മനസ്സിലാക്കുകയാണു്; അവയെ തമ്മിൽ എങ്ങിനെ ഇണക്കിയെന്നു മനസ്സിലാക്കുകയാണു്. അതുകൊണ്ടു ശാസ്ത്രത്തെ അംഗീകരിക്കുകയെന്നതു് ക്രിസ്തുവിന്റെ അടുത്ത അനുയായി ആവുകയാണു്; കാരണം, സത്യത്തെ സ്നേഹിക്കലാണു് ശാസ്ത്രജ്ഞനു് പ്രചോദനം നൽകുന്നതു്.

റഷ്യാക്കാർ ശാസ്ത്രത്തെ രണ്ടുകൈയ്യും മലർത്തി സ്വീകരിച്ചതുകൊണ്ടു് അവർ നമ്മളുമായി സഹകരിക്കുന്നു. ശാസ്ത്രത്തിലെ ഈ അൽഭുതകരമായ സമ്പ്രദായം ആദ്യം നിർമ്മിച്ചതു് ആരാണു്? പ്രധാനഭാഗവും ഈ ചെറു ദ്വീപാണു്. ഉദാഹരണമായി, റോഗർ ബേക്കണാണു് ഈ വലിയ ശാസ്ത്രത്തിന്റെ മുഴുവൻ അടിസ്ഥാനവുമിടാൻ തുടങ്ങിയതു്; അദ്ദേഹമാണു് പരീക്ഷണം ആവശ്യമാണെന്നാദ്യം സ്ഥാപിച്ചതു്, അദ്ദേഹം ജനിച്ചതു് നമ്മുടെ ഈ ചെറു ദ്വീപിലാണു്. നാം നിർമ്മിച്ച അതു് റഷ്യ നമ്മിൽ നിന്നു സ്വീകരിച്ചിരിക്കുന്നു; അതു മതതത്വങ്ങൾക്കനുസരിച്ചു എങ്ങിനെയാണു് ഉപയോഗിക്കുകയെന്നു നമുക്കു് കാട്ടിത്തന്നിരിക്കുന്നു. ശാസ്ത്രത്തെ ഈശ്വരന്റെ മക്കൾക്കുവേണ്ടി നേരിട്ടുപയോഗപ്പെടുത്തുവാൻ കാരണമായതുകൊണ്ടു് റഷ്യ ശാസ്ത്രത്തെ മതതത്വങ്ങൾക്കു് ഏററവും അടുത്ത രീതിയിൽ പ്രയോഗിക്കുന്നു.

നാം ലോകത്തിനു കൊടുത്തിട്ടുള്ള സമ്മാനങ്ങളിൽ മറെറാന്നുണ്ടു്; അതിലും വലുതായി ഒന്നില്ലെന്നാണു് എനിക്കു തോന്നുന്നതു്. മനുഷ്യന്റെ പുറത്തുനിന്നു ഭാരം എടുത്തു് അതു് ഉരുക്കിന്റെ മുകളിൽ വെക്കുന്നു; സൂര്യന്റെ ശക്തിയെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നു; മനുഷ്യൻ നിർമ്മിച്ച യന്ത്രത്തെ നീക്കുന്നു; ലോകത്തിലെ ഓരോ പുരുഷനും സ്ത്രീക്കും കുട്ടിക്കും ഒരു ഡസൻ അടിമകളെ കൊടുക്കുന്നു; സാമ്പത്തിക ദാരിദ്ര്യത്തെയും, രക്ഷയില്ലായ്മയേയും മനുഷ്യസമുദായത്തിൽ നിന്നോടിക്കുന്നു: സാംസ്കാരികമായ എല്ലാ സൗകര്യങ്ങളുടെയും വാതിൽ തുറക്കുന്നു; ആത്മീയമായി വളരുവാനും മനുഷ്യജീവിതത്തെ മഹത്താക്കാനും സാധിക്കുന്നു; ആ വസ്തു നാമാണു് ലോകത്തിനു പ്രദാനം ചെയ്തതു്. ആ സാധനം നിർമ്മിച്ചതും ഈ ചെറു ദ്വീപിലാണു്; പുറത്തുനിന്നു ശത്രുക്കളിൽനിന്നു ഭയമില്ലാതെ ഒരായിരം കൊല്ലത്തെ സമാധാനപൂർണ്ണമായ ജീവിതം; കുട്ടികൾക്കു വിദ്യാഭ്യാസം ചെയ്യുവാൻ നല്ല ആളുകൾ സ്കൂളുകൾ പണിചെയ്തതും സർവ്വകലാശാലകൾ സ്ഥാപിച്ചതും ആയ ഒരായിരം കൊല്ലങ്ങൾ! നമ്മുടെ വലിയ ശാസ്ത്രജ്ഞന്മാർ ആഫ്രിക്കയിലെ അപരിഷ്കൃതരുടെ ഒരു ഗ്രാമത്തിലല്ല, ക്രിസ്തുമതം അനുസരിച്ചിരുന്ന ഒരു രാജ്യത്തിലാണുണ്ടായതു്. സ്വതന്ത്രമായി ചിന്തിക്കുവാനും അഭിപ്രായം പ്രകടിപ്പിക്കുവാനും കഴിയുന്ന

---

ഡിസ്ട്രോയറിലുണ്ടായിരിക്കും. ശത്രുരാജ്യങ്ങളുടെ തീരങ്ങളോടു വളരെയടുത്തുചെന്നു്, തീരപ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന തോക്കുകൾ സംരക്ഷണസംവിധാനങ്ങൾ മുതലായവ വെടിവച്ചു തകർക്കുക, ശത്രുരാജ്യത്തോടടുത്തുള്ള കടലുകളിൽ പതുങ്ങിക്കിടക്കുക മുതലായ അപായകരമായ സംരംഭങ്ങൾക്കുവേണ്ടിയും ഡിസ്ട്രോയറുകളെ നിയോഗിക്കാറുണ്ടു്. ഇവ മോട്ടർ കപ്പലുകളാണു്.

(തുടരും)

ഒരു രാജ്യമാണതു്; ഈ രാജ്യത്തിൽ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളുണ്ടാകുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു; അവർക്കു കണ്ടുപിടിക്കുവാനുള്ള കഴിവുകളുമുണ്ടു്; ഇവിടെ നിർമ്മാണചാതുരി മറ്റേവിടേയുള്ളതിലുമധികം വളർത്തപ്പെട്ടിട്ടുണ്ടു്. ഈ രാജ്യത്തിൽ വ്യവസായങ്ങളെ വളർത്തി സംഘടിപ്പിച്ചുകൊണ്ടു വന്ന മഹാന്മാർ മുതലാളിത്തത്തിന്റെ വ്യവസായങ്ങൾ വളർത്തിക്കൊണ്ടുവന്ന സംഘടന ശക്തിപ്പെടുത്തി. അതിനെന്തു കുറ്റങ്ങളുണ്ടായാലും ശരി, ലോകത്തിന്റെ വളർച്ചയിൽ അതു അഭിമാനകരമായ ഒരു ഘട്ടമാണു്; ഓരോരുത്തനും ഓരോ ഡസൻ ഭൃത്യന്മാരെ അതു് പ്രദാനം ചെയ്തു. അതു് നമ്മുടെ ഈ രാജ്യത്താണുണ്ടായതെന്നു അഭിമാനം കൊള്ളുക!

ഒരു സാർവ്വലൗകികമായ വീക്ഷണത്തിൽനിന്നു അതു നോക്കൂ! അതു് നാം ബ്രിട്ടനിലാണുണ്ടാക്കിയതു്. സമുദ്രങ്ങൾക്കപ്പുറത്തുള്ള യുണൈറ്റഡ് സ്റ്റേറ്റ്സിലെ നമ്മുടെ സഹോദരന്മാർ അതെടുത്തു അത്ഭുതകരമായ കൌശലത്തോടുകൂടി പരിഷ്കരിച്ചു; അതിനെ നിർമ്മാണസമ്പ്രദായത്തിൽ പരിവർത്തനം വരുത്തുവാൻ ഉപയോഗിച്ചു. ധാരാളം സാധനങ്ങൾ ഉണ്ടാക്കി; സാധനങ്ങളെ സാധാരണക്കാരനടുത്തെത്തിച്ചു. അമേരിക്കാ അതു പൂർത്തിയാക്കി. അതുകൊണ്ടാണു് റഷ്യാ വൈവസായികമായി യന്ത്രങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിൽ ഇംഗ്ലണ്ടിനെ തിരിഞ്ഞുനോക്കാത്തതു്. റഷ്യാ അമേരിക്കയെയാണു് നോക്കുന്നതു്, അവിടെ ആദ്യകാലത്തെ മാർഗ്ഗങ്ങളല്ലാ ആവശ്യം; പരിപൂർണ്ണമായ പദ്ധതികളാണു് അവർക്കു വേണ്ടതു്. അവർ ഇവിടുത്തേക്കാളധികം നല്ലതായി അവയെ കാണുന്നതു അമേരിക്കയിലാണു താനും.

ഇനി റഷ്യയിലേക്കു നോക്കുക. അവിടെ ഈശ്വരന്റെ ലോകത്തിലെ മഹത്തായ സാമ്പത്തികഘടനയിൽ എന്താണുണ്ടായിട്ടുള്ളതെന്നു നോക്കുക. ആ നിർമ്മാണയന്ത്രംകൊണ്ടു റഷ്യയും ചിലതെല്ലാം ചെയ്തിട്ടുണ്ടു്. റഷ്യാ യന്ത്രത്തെ മനുഷ്യോചിതമാക്കിയിട്ടുണ്ടു്, അതിനു് ആത്മീയമായ ഒരടിസ്ഥാനം, ക്രിസ്തുമതാനുസാരിയായ ഒരു സ്വരൂപം നൽകിയിട്ടുണ്ടു്.

റഷ്യ യന്ത്രത്തോടു് ഒരു നിസ്സാരചോദ്യം ചോദിച്ചു; ഒരു ചെറുപൈതൽ പോലും ചോദിക്കുന്ന ചോദ്യം. ഞാൻ ഒരിക്കൽ മാസ്കോയിൽ പോയപ്പോൾ, നഗരത്തിന്റെ തെക്കുവശത്തുള്ള ഒരു പാർക്കിൽ ഒരു അമ്മയും ഒരു കൊച്ചുമകളുംകൂടി വരുന്നതു ഞാൻ കണ്ടു. ആ ചെറുപെൺകുട്ടി എന്നെ മേലും കീഴുമായി ആപാദചൂഡം നോക്കി.—വിശേഷിച്ചും കീഴ്പോട്ടു നോക്കി—അവൾ പറയുന്നതു ഞാൻ കേൾക്കയില്ലെന്നു് ആ കുട്ടിക്കു തോന്നിയപ്പോൾ അമ്മയോടു ചോദിക്കുന്നതു കേട്ടു. "അമ്മേ, ആ ആൾ എന്തിനുള്ളവനാണു്?" അതു വളരെ പ്രധാനമായ മൗലികമായ ഒരു ചോദ്യമാണു്. അതിനുത്തരം എന്തായിരിക്കാമെന്നു ഞാൻ വളരെ ആലോചിച്ചുനോക്കിയിട്ടുണ്ടു്. ഏതായാലും അതു് എന്റെ മനസ്സിൽ തറച്ചു. ഈ ചെറുപ്രായമായ രാഷ്ട്രവും ചോദിച്ചുകൊണ്ടിരിക്കുന്ന ചോദ്യം അതുതന്നെയാണു്. "വ്യവസായോൽപന്നങ്ങൾ ഉണ്ടാക്കുന്നയന്ത്രം എന്തിനുള്ളതാണു്.?" ആ ചോദ്യത്തിനു റഷ്യ മറുപടി പറഞ്ഞു. "ഞങ്ങൾ യന്ത്രങ്ങൾ ഉണ്ടാക്കുന്നതും ഉൽപാദനം കഴിയുന്നത്ര വർദ്ധിപ്പിക്കുന്നതും ഓരോ മനുഷ്യനും ലോകത്തിലെ മുഴുവൻ മനുഷ്യർക്കും, സ്ത്രീകൾക്കും കുട്ടികൾക്കുമടക്കം ഏറ്റവുമധികം ക്ഷേമം വർദ്ധിപ്പിക്കുവാനാണു്."

### വേലചെയ്യുവാനും കളിക്കുവാനുമുള്ള അവകാശങ്ങൾ

ഒരു പ്ലാനനുസരിച്ചുള്ള സാമ്പത്തികഘടനയിൽ യന്ത്രത്തെ ഉപയോഗിച്ചു റഷ്യയിലെ ജനങ്ങൾക്കു കുറെ മഹത്തായ അവകാശങ്ങളെ നൽകുവാൻ റഷ്യക്കു സാധിച്ചിട്ടുണ്ടു്. അവിടെ "ഓരോരുത്തർക്കും, തൊഴിലില്ലായ്മയെ പാടെ നശിപ്പിച്ചു്, ജോലി ചെയ്യുവാനുള്ള അവകാശം കൊടുക്കുവാൻ" റഷ്യക്കു സാധിച്ചിട്ടുണ്ടു്. തൊഴിലില്ലായ്മ എന്നന്നേക്കുമായിപ്പോയി, ഈ രാജ്യത്തും അതു പോകേണ്ടതായിരുന്നു. എന്തിനാണു് തൊഴിലില്ലാത്ത ഒരൊറ്റ ആളെങ്കിലും ഉണ്ടായിരിക്കുന്നതു്? റഷ്യയിൽ ഇന്നു തൊഴിലില്ലായ്മ ഒട്ടുംതന്നെയില്ല; തൊഴിൽ ഉണ്ടായിരിക്കുകയെന്നതു മൗലികമായ ഒരവകാശമാണു്.

മറ്റൊരു പ്രകൃതിവിശേഷവും റഷ്യയിൽ കാണാം. അവിടെ കൂലി വർദ്ധിച്ചുകൊണ്ടിരിക്കയാണു്, സാധനങ്ങളുടെ വില കുറഞ്ഞും വരുന്നു. ഇവിടെയാകട്ടെ, അടുത്ത അവസരത്തിൽ ചാൻസലർ ഓഫ് എക്സ്ചെക്കർ (ബ്രിട്ടനിലെ ധനകാര്യമന്ത്രി) പറയുകയുണ്ടായി, കൂലി വർദ്ധിച്ചുവരുന്നതുകൊണ്ടു സാധനങ്ങളുടെ വിലയും വർദ്ധിച്ചുവരണമെന്നു്, അതു തടയാനാവില്ലെന്നു്. റഷ്യയിൽ വില വർദ്ധിച്ചുവരണമെന്നില്ല, അവ വർദ്ധിച്ചുവരുന്ന

...മില്ല, അവ കുറഞ്ഞുവരികയാണു് ചെയ്യുന്നതു്. കൃഷി വർദ്ധിക്കണം, സാധനങ്ങളുടെ വില കുറഞ്ഞു വരണം. ശരി, ശാസ്ത്രത്തിന്റെ പുതിയ വളർച്ചയെ നിങ്ങൾ സ്വീകരിക്കുകയാണെന്നു വ ച്ചുകയാണെങ്കിൽ അതു എളുപ്പമാണു്. കുറഞ്ഞതും ജനങ്ങൾക്കു ഉപകാരപ്രദവുമായ വിദ്യകൾകൊണ്ടു കൃഷി വർദ്ധിപ്പിക്കുവാനും വിലകൾ കുറയ്ക്കുവാനും കഴിയും. (തുടരും)


# നിങ്ങളുടെ ഭാവി

ഒരു പുതുവർഷം നിങ്ങളോടു വളരെ സമീപിച്ചിരിക്കുന്നു. 1946-ൽ നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ശുഭാശുഭ ഫലങ്ങളെപ്പറ്റി നേരത്തെ അറിഞ്ഞിരിക്കേണ്ടതു് എത്രയും അത്യാവശ്യമാണു്. വ്യവസായാഭിവൃദ്ധി, ദൂരയാത്ര, ഉദ്യോഗലാഭം, വിവാഹം, പുത്രലാഭം ആദിയായവയെപ്പറ്റി ശരിയായ ഫലം പറയുന്നതിനു 3 ക. മാത്രം.

ഭാവിയെപ്പറ്റിയുള്ള അഞ്ചു ചോദ്യങ്ങൾക്കുത്തരം 2 ക.

മാനേജർ, ജൂപ്പിറ്റർ ജ്യോതിഷനിലയം;
കോട്ടയം തിരുവിതാംകൂർ

---

# ഭദ്രദാരു തൈലം

വാതരോഗങ്ങൾക്കു കൈകണ്ട മരുന്നു്. മരപ്പു്, തരിപ്പു്, വെട്ടൽ, സ്തംഭനം, നീർക്കെട്ടു് മുതലായവയെ ഉടനെ ശമിപ്പിക്കുന്നു.

രണ്ടു് ഔൺസ് കുപ്പി 1-ക്കു് 2 രൂപാ

# ശുക്ലസംരക്ഷിണി ഗുളിക

ഇന്ദ്രിയസ്ഖലനം ഹേതുവായിട്ടു് കണ്ണുകുഴിഞ്ഞും കവിളൊട്ടിയും വികൃതരൂപികളായവരും ശീഘ്രസ്ഖലനത്താൽ നിരാശരായവരും ധാതുപുഷ്ടിക്കുവേണ്ടി ശുക്ലസംരക്ഷിണിഗുളികതന്നെ സേവിക്കണം.

ഡസൻ 1-ക്കു് 3 രൂപാ മാത്രം.

കെ. കെ. വൈദ്യൻ, ധന്വന്തരിവൈദ്യശാല,
കോട്ടയം, തിരുവിതാംകൂർ.

---

# ശാസ്ത്രഗ്രന്ഥങ്ങൾ

**കാമശാസ്ത്രം**—(രണ്ടാംപതിപ്പു്) ദാമ്പത്യജീവിതം വിജയപ്രദമാക്കണമെന്നു് ആഗ്രഹിക്കുന്ന ദമ്പതിമാർ അവശ്യം വായിച്ചിരിക്കേണ്ടതു് വില 2 രൂ. 8 ണ.

**ഹസ്തരേഖാശാസ്ത്രം**—(രണ്ടാംപതിപ്പു്) കൈറോയുടെ Language of the Hand എന്ന ഗ്രന്ഥത്തിന്റെ ശരിതർജ്ജമ. കൈനോട്ടം തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്കും അഭ്യസിക്കേണ്ടവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന മലയാളത്തിലെ ഏകഗ്രന്ഥം. വില 2 രൂ. 8 ണ.

പൗരപ്രഭ ബുക്കുഡിപ്പോ, കോട്ടയം.

Reg. No. T. 7

CHITHRODAYAM KOTTAYAM.

VOL 25 SUNDAY 9TH DECEMBER 45 NO 17

## ഒന്നാന്തരം 10 പുസ്തകങ്ങൾ.

| | | | | |
|---|---|---|---|---|
| 1, കൂത്തമ്പലം ഇ. എം. കോവൂർ ബി. ഏ., ബി. എൽ. | | 1 | 0 | 0 |
| 2. കസ്തൂർബാ ഗാന്ധി കെ. സി. അന്നമ്മ എം. ഏ., എൽ. റ്റി. | | 1 | 8 | 0 |
| 3. കാരൂർ കഥകൾ (കാരൂർ നീലകണ്ഠപ്പിള്ള) | | 1 | 4 | 0 |
| 4. ആരാധന (ആനന്ദക്കുട്ടൻ) | | 1 | 0 | 0 |
| 5. നവയുഗം (പാലാ നാരായണൻനായർ) | | 0 | 8 | 0 |
| 6. നിർവ്വാണമേഖല | ” | 0 | 8 | 0 |
| 7. പൂക്കൾ | ” | 0 | 12 | 0 |
| 8. നീതിധർമ്മം (മഹാത്മാ ഗാന്ധി) | | 0 | 8 | 0 |
| 9. കാവ്യകലിക (തിരുവല്ലാ എൻ. കേശവപിള്ള) | | 0 | 12 | 0 |
| 10. കാൽവറിയിലെ കനകതാരം (വി. പി. ജോസ്) | | 1 | 8 | 0 |

**നാഷണൽ ബുക്കഡിപ്പോ, കോട്ടയം.**

**ഗാന്ധി** നെഹ്റു, അസാദ്, പ്രസാദ്, ജിന്നാ

ഇവരുടെ തൂലികാചിത്രങ്ങളടങ്ങിയ

## ഭാരതഹൃദയം

By സി. ഐ. രാമൻനായർ. വില 1 ക.

## ഗൃഹനായിക

By കാരൂർ നീലകണ്ഠപ്പിള്ള

സ്ഥാനാർത്ഥി, അച്ഛൻ, അ[illegible]കട, ഉത്തരക്കടലാസ് മുതലായ ആദർശസുന്ദരങ്ങളും വികാരോത്തേജകങ്ങളുമായ എട്ടു ചെറുകഥകളുടെ സമാഹാരം.

വില 1 ക.

**വിക്ടറി ബുക്ക്സ്റ്റാൾ, പാലാ.**

Printed and Published by P. J. Joseph at thr Powra Prabha Press, Kottayam.